SECOND BOOK OF ARAMAIC

സുറിയാനി രണ്ടാം പുസ്തകം



SECOND BOOK OF ARAMAIC.

സുറിയാനി രണ്ടാം പുസ്തകം.

malankaralibrary.com



MALANKARA
LIBRARY

malankaralibrary.com

SECOND BOOK OF ARAMAIC.

സുറിയാനി രണ്ടാം പുസ്തകം.

പാഠം 1.

ആറാമായ (സുറിയാനി), എബ്രായാ ആദിയായ ഷെമിററിക് (Shemitic) ഭാഷകളിൽ ഭൂരിപക്ഷം പദങ്ങളും ക്രിയാധാതുവിൽനിന്നു് ഉത്ഭവിച്ചതാണു്. മലയാളഭാഷയിൽ "കൊൽ" എന്ന ധാതുവിൽനിന്നു് കൊല്ലുന്നു, കൊല്ലും, കൊന്നു, കൊല്ലിയ്ക്കുന്നു, കൊല്ലിയ്ക്കുന്നാവൻ, കൊല്ലപ്പെട്ട, കൊല്ലപ്പെട്ടവൻ ഇത്യാദി വിവിധപദങ്ങൾ ഉണ്ടാക്കിയിട്ടുള്ളതുപോലെ ആണു് ആറാമായഭാഷയിൽ ഒരു ക്രിയാധാതുവിൽനിന്നു് പലപല പദങ്ങൾ ഉണ്ടാക്കിയിരിയ്ക്കുന്നതു്.

സാധാരണമായി ഒരു ധാതുപദത്തിനു് മൂന്നു വർണ്ണങ്ങളും അവയെ രേഖപ്പെടുത്തുവാൻ മൂന്നു ലിപികളുമാണു് ഉള്ളതു്. അവയിൽ രണ്ടാമത്തെ വർണ്ണത്തിനു് സ്വരം ചേർത്തു് ഉച്ചരിക്കുന്നതിനാൽ പദം എഴുതുമ്പോൾ സ്വരചിഹ്നം രണ്ടാമത്തെ ലിപിയ്ക്കു് ചേർക്കുന്നു. ലിപിമാലയിലുള്ള 22 ലിപികളിൽ ܐ (ഓലഫ്) ܘ (വാഉ) ܝ (യുദ്) എന്നു് മൂന്നു ലിപികൾ ശിഥിലവ്യഞ്ജനങ്ങളും ബാക്കിയുള്ള പത്തൊൻപതു് എണ്ണം ദൃഢവ്യഞ്ജനങ്ങളുമാണു്. ധാതുപദത്തിൽ ശിഥിലവ്യഞ്ജനമില്ലെങ്കിൽ അങ്ങനെയുള്ള ധാതുവിനു് "ദൃഢധാതു" എന്നും, ശിഥിലവ്യഞ്ജനം ഉണ്ടെങ്കിൽ അപ്രകാരമുള്ള ധാതുവിനു് "ശിഥിലധാതു" എന്നും പറയുന്നു.

ദൃഢധാതുവിനു് മാതൃകാപദമായി ܦܥܠ (അവൻ പ്രയത്നിച്ചു) എന്ന പദം സ്വീകരിയ്ക്കപ്പെട്ടിരിക്കുന്നു. ദൃഢലിപിയുടെ സ്വരം ܰ (ആകാരമോ) ܶ (ഏകാരമോ) ആയിട്ടാണു് കാണുന്നതു്.

2-ാം ശ്രേണി		ܶ	1-ാം ശ്രേണി		ܰ
അവൻ ഭയപ്പെട്ടു	=	ܕܚܶܠ	അവൻ രക്ഷിച്ചു	=	ܦܪܰܩ
അവൻ സമീപിച്ചു	=	ܩܪܶܒ	അവൻ കൊന്നു	=	ܩܛܰܠ
അവൻ സ്നേഹിച്ചു	=	ܪܚܶܡ	അവൻ മുറിച്ചു	=	ܦܣܰܩ
അവൻ സവാരി ചെയ്തു	=	ܪܟܶܒ	അവൻ മോഷ്ടിച്ചു	=	ܓܢܰܒ

malankaralibrary.com

പദത്തിൽ മൂന്നു ലിപികളും, രണ്ടാം ലിപിയ്ക്കു് ܰ (അകാരം) അല്ലെങ്കിൽ ܶ (എകാരം) ഉള്ളതുമായ അനേകം ദൃഢധാതുക്കൾ ഭാഷയിൽ ഉണ്ടു്. ഇപ്രകാരമുള്ള ദൃഢധാതുക്കളെ ഒന്നാം ഗണമായി പരിഗണിച്ചിരിക്കുന്നു.

രണ്ടാം ഗണം.

മാതൃകാധാതുവിലെ ആദ്യലിപിയായ ܦ (പേ) യുടെ സ്ഥാനത്തു് ശിഥിലവ്യഞ്ജനമായ ܐ (ഓലഫ്)വന്നിരിക്കുന്നപക്ഷം അങ്ങനെയുള്ള ശിഥിലധാതുവിനു് "ܐ-ܦ" ("പേ-ഓലഫ്") ധാതു എന്നു പറയുന്നു. ഉദാ:-

അവൻ ഭക്ഷിച്ചു	=	ܐܶܟܰܠ	അവൻ ബന്ധിച്ചു	=	ܐܶܣܰܪ
അവൻ പറഞ്ഞു	=	ܐܶܡܰܪ	അവൻ നശിച്ചു	=	ܐܶܒܰܕ
അവൻ പോയി	=	ܐܶܙܰܠ	അവൻ ഒഴിച്ചു	=	ܐܶܫܰܕ

നോട്ടു്:- ധാതുപദത്തിലെ ഒന്നാം ലിപിയായ ܦ (പേ) യുടെ സ്ഥാനത്തു് ശിഥിലവ്യഞ്ജനമായ ܘ (വാവു്) വരുന്ന ശിഥിലകൃതികൾ ഭാഷയിൽ ഇല്ല.

മൂന്നാം ഗണം.

മാതൃകാധാതുവിലെ ഒന്നാം ലിപിയായ ܦ (പേ) യുടെ സ്ഥാനത്തു് ܝ (യൂദ്) എന്ന ശിഥിലവ്യഞ്ജനം വന്നിരിയ്ക്കുന്നുവെങ്കിൽ അങ്ങനെയുള്ള ധാതുവിനു് "ܝ-ܦ" (പേ-യൂദ്) ധാതു എന്നു പറയുന്നു. ഉദാ:-

അതു് ഉണങ്ങി	=	ܝܰܒܶܫ	അതു ദഹിച്ചു	=	ܝܰܩܶܕ
അവൻ പഠിച്ചു	=	ܝܰܠܶܦ	അവൻ ഇരുന്നു	=	ܝܰܬܶܒ
അവൻ മുല കുടിച്ചു	=	ܝܰܢܶܩ	അവൻ അവകാശിച്ചു	=	ܝܰܪܶܬ

നാലാം ഗണം.

മാതൃകാധാതുവിലെ രണ്ടാം ലിപിയായ ܥ (അയിൻ) ന്റെ സ്ഥാനത്തു് ശിഥിലവ്യഞ്ജനമായ ܐ (ഓലഫ്) വരുന്നപക്ഷം അങ്ങനെയുള്ള ധാതുവിനു് "ܐ-ܥ" (അയിൻ-ഓലഫ്) ധാതു എന്നു പറയുന്നു. ഉദാ:-

അനിഷ്ടകരമായി	=	ܒܶܐܫ	വൃദ്ധനായി	=	ܣܶܐܒ
ഇഷ്ടകരമായി	=	ܛܶܐܒ	ചോദിച്ചു	=	ܫܶܐܠ
നൊമ്പരം അനുഭവിച്ചു	=	ܟܶܐܒ			

malankaralibrary.com

അഞ്ചാം ഗണം.

മാതൃകാധാതുവിലെ രണ്ടാം ലിപിയായ ע (അയിൻ) ന്റെ സ്ഥാനത്തു് ശിഥിലവ്യഞ്ജനമായ ה (വാവു) വരുന്നപക്ഷം അങ്ങനെയുള്ള ധാതുവിനു് "ה_ע" (അയിൻ_വാഉ) ധാതു എന്നു പറയുന്നു. ശിഥിലവ്യഞ്ജനമായ ה (വാവു) എഴുതാറില്ല. പദത്തിലെ ആദ്യലിപിയ്ക്കു് ֹ (ഓകാരം) കൊടുത്തിട്ടു് രണ്ടു ലിപികളും മാത്രമുള്ള ധാതുപദമായിട്ടാണു് എഴുതുന്നതു്. ഉദാ:—

അവൻ നിന്നു	= (קָם) קֹם	അവൻ സൂക്ഷിച്ചു നോക്കി	= (חָזָה) חֹזֶה
അവൻ വച്ചു	= (שָׂם) שֹׂם	അവൻ രാപാർത്തു	= (לָן) לֹן
അവൻ വിധിച്ചു	= (רָב) רִיב	അവൻ ചവിട്ടി	= (דָּשׁ) דֹּשׁ

നോട്ടം:— ധാതുപദത്തിലെ മദ്ധ്യലിപി ദ്വിഥവ്യഞ്ജനമായ ה (വാവു) ആണെങ്കിൽ, ആ "ה" (വാവു) വിട്ടുകളയുന്നില്ല. ദ്വിഥധാതുവിനെപ്പോലെ അതിനു സ്വരം ചേർക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള പദങ്ങൾ അഞ്ചാം ഗണത്തിൽ ഉൾപ്പെട്ടവയല്ല. ഒന്നാം ഗണത്തിൽ ഉൾപ്പെട്ടവയാണു്. ഉദാ:—

ആഗ്രഹിച്ചു	= חָמַד	മൂളി	= הָמָה
കൂകി, നിലവിളിച്ചു	= זָעַק	ശ്വസിച്ചു	= נָשַׁם

ആറാം ഗണം.

മാതൃകാധാതുവിലെ രണ്ടാം ലിപിയായ ע (അയിൻ) ന്റെ സ്ഥാനത്തു് ശിഥിലവ്യഞ്ജനമായ י (യൂദ്) വരുന്നപക്ഷം അങ്ങനെയുള്ള ധാതുവിനു് "י_ע" (അയിൻ_യൂദ്) ധാതു എന്നു പറയുന്നു. ഉദാ:—

അവൻ മരിച്ചു = מֵת

ഏഴാം ഗണം.

മാതൃകാധാതുവിലെ മൂന്നാം ലിപിയായ ל (ലോമദ്) ന്റെ സ്ഥാനത്തു് ശിഥിലവ്യഞ്ജനമായ א (ഓലഫ്) വരുന്നപക്ഷം അങ്ങനെയുള്ള ധാതുവിനു് "א_ל" (ലോമദ്_ഓലഫ്) ധാതു എന്നു പറയുന്നു. ഉദാ:—

അവൻ വിളിച്ചു	= קָרָא	അവൻ എണ്ണി	= מָנָה
അവൻ കണ്ടു	= רָאָה	അവൻ ആവർത്തിച്ചു	= שָׁנָה
അവൻ പണിതു	= בָּנָה	അവൻ അടിച്ചു (വെട്ടി)	= כָּתָה

നോട്ടം:-മാതൃകാധാതുവിലെ മൂന്നാം ലിപിയായ ל (ലോമദ്)ന്റെ സ്ഥാനത്തു് ശിഥിലവ്യഞ്ജനമായ ה (വാവു) വരുന്ന ധാതുപദങ്ങൾ ഭാഷയിൽ ഇല്ല.

malankaralibrary.com

എട്ടാം ഗണം.

മാതൃകാധാതുവിലെ മൂന്നാം ലിപിയായ (ലോമടം) ന്റെ സ്ഥാനത്തു് ശിഥിലവ്യഞ്ജനമായ  (യുടം) വരുന്നപക്ഷം അപ്രകാരമുള്ള ധാതുവിനു് "" (ലോമടം–യുടം) ധാതു എന്നു പറയുന്നു. ഉദാ:—

സന്തോഷിച്ചു	=		വഞ്ചിച്ചു	=	
മൗനംഅവലംബിച്ചു, സ്വസ്ഥമായിരുന്നു.	=		പഴയതായി (വസ്ത്രം)	=	
			ലഹരി പിടിച്ചു	=	

ഒൻപതാം ഗണം.

ലുപ്തധാതു.

ദ്വിധധാതുവിലെ മൂന്നു ലിപികളിൽ രണ്ടാമത്തെയും മൂന്നാമത്തെയും ലിപി ഒന്നുതന്നെ ആണെങ്കിൽ പദത്തിന്റെ ചില രൂപങ്ങളിൽ രണ്ടുംക്കൂടി എഴുതാറില്ല. ഒന്നാമത്തെ ലിപിയോടുക്കൂടെ രണ്ടാമത്തേതുമാത്രം ചേർത്തും ഒന്നാം ലിപിക്കു് (അകാരം) ചേർത്തും പദമുണ്ടാക്കുന്നു. ഉഗ്രവാചി, കർമ്മണിപ്രയോഗം മുതലായ രൂപങ്ങളിൽ മൂന്നു ലിപികളും എഴുതുന്നുമുണ്ടു്. ഉദാ:—

അവൻ അപഹരിച്ചു	=		അവൻ രോമം വെട്ടി	=	
അവൻ ആഗ്രഹിച്ചു	=		അവൻ സ്പർശിച്ചു	=	
അവൻ പൊടിച്ചു	=				

ഭാഷയിലുള്ള മിക്ക പദങ്ങളും മേൽവിവരിച്ച ഒൻപതു ഗണങ്ങളിൽ ഉൾപ്പെട്ട കൃതികളിൽനിന്നു് വ്യാകരണനിയമാനുസരണം ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാണു്. എന്നാൽ വ്യാകരണനിയമങ്ങളെ ലംഘിച്ചു് ചില രൂപാവലികം പ്രയോഗത്തിലുണ്ടു്. അവയ്ക്കു് അപവാദങ്ങൾ എന്നു പറയുന്നു. ഭാഷയിലുള്ള പ്രധാന അപവാദങ്ങൾ താഴെ പറയുന്നവയാണു്.

1) "" (പേ–ന്തൻ) കൃതികം അതായതു് ധാതുപദത്തിലെ ആദ്യലിപി (നൻ) ആയി വരുന്നതു്.

2) ധാതുപദത്തിൽ ഒന്നിലധികം ശിഥിലവ്യഞ്ജനങ്ങൾ ഉള്ള കൃതികം.

3) ധാതുപദത്തിൽ നാലോ അധികമോ ലിപികം ഉള്ള കൃതികം. ഇവ മൂന്നു ലിപികം മാത്രമുള്ള കേവലധാതുവിൽനിന്നു മാത്രം ഉണ്ടാക്കപ്പെട്ടിട്ടുള്ളവയോ അന്യഭാഷകളിൽനിന്നു് സ്വീകരിച്ചിരിക്കുന്നവയോ ആണു്.

malankaralibrary.com

SECTION II.

ധാതുകൃതിയുടെ പ്രധാനമായ വകഭേദങ്ങൾ താഴെ പറയുന്നവയാണു്.

1) കർത്തരിപ്രയോഗത്തിലുള്ള കേവലധാതു. ഉദാ:—

1)  പ്രയത്നിച്ചു (PEAL പ്അൽ)

2) ദൂരെ പോയി

3)  കൊന്നു

2) കേവലധാതുവിന്റെ കർമ്മണിപ്രയോഗം. ഉദാ:—

1)  [ETHPEEL] (എത്പ്ഏൽ)

2) 

3) 

3) സാമാന്യധാതുവിൽനിന്നുണ്ടാക്കിയിട്ടുള്ള ഉഗ്രവാചി (The intensive form) കർത്തരിപ്രയോഗം. ഉദാ:—

 =നന്നായി പ്രയത്നിച്ചു (PAEL പാഏൽ)

 =അതിദൂരം പോയി

 =പലരേ കൊന്നു

4) ഉഗ്രവാചിയുടെ കർമ്മണിപ്രയോഗം. ഉദാ:—

 [ETHPAAL] (എത്പാഅൽ)





5) കേവലധാതുവിൽനിന്നുണ്ടാക്കിയിട്ടുള്ള വ്യാപകവാചി (The extensive form). ഉദാ:—

(APHEL ആപ്ഏൽ) പ്രയത്നിപ്പിച്ചു = 

ദൂരത്താക്കി =  കൊല്ലിച്ചു = 

malankaralibrary.com

6) വ്യാപകവാചിയുടെ കൎമ്മണിപ്രയോഗം. ഉദാ:—

(എത്തപ്ആൽ) (ETHAPAAL) ܐܬܬܦܥܠ

ܐܬܬܩܛܠ ܐܬܬܦܪܩ

വ്യാപകവാചിയ്ക്കു് പല വകഭേദങ്ങൾ ഉള്ളതു് പിന്നാലെ പഠിക്കുന്നതാണു്.

മേലെഴുതിയ ആറു വകുപ്പുകളിൽപെട്ട വിവിധക്രിയാപദങ്ങൾ ഒന്നാം ഗണത്തിൽപെട്ട ധാതുക്കൾക്കു മാത്രമല്ല, മററുള്ളവയ്ക്കുമുണ്ടു്.

വ്യാപകവാചിയുടെ ആദ്യലിപിയായി ܐ (ഓലഫ്) ചേൎക്കുന്നതിനുപകരം ചിലപ്പോൾ ܫ (ശീൻ) ചേൎക്കാറുണ്ടു്. അങ്ങനെയുള്ള വ്യാപകവാചിയ്ക്കു് ഷാപ്പേൽ (SHAPHEL) എന്നും, അതിന്റെ കൎമ്മണിപ്രയോഗത്തിനു് എശ്തപ്ആൽ (ESTHAPHaAL) എന്നും പറയുന്നു. ഇവ കൂടാതെ വേറെയും രൂപഭേദങ്ങൾ ഉണ്ടു്. ഇവയെപ്പററി പിന്നാലെ പഠിക്കുന്നതാണു്.

അഭ്യാസം 1 A.

1. 9 ഗണങ്ങളിലും ഉൾപ്പെട്ട മുമ്മൂന്നു മാതൃകാപദങ്ങൾ പറയുക.
2. ഒരു ഗണത്തിനു് മറെറാന്നുമായുള്ള വ്യത്യാസമെന്തു്?
3. 5-ാം ഗണത്തിലും 9-ാം ഗണത്തിലും 2 ലിപി മാത്രം എഴുതുന്നു. അവ തമ്മിലുള്ള വ്യത്യാസമെന്തു്?

പാഠം 2.

കേവലദൃഢധാതുവിന്റെ വിവിധരൂപങ്ങൾ താഴെ ചേൎക്കുന്നു. കേവലധാതുവിന്റെ പ്രഥമപുരുഷൻ ഏകവചനം പുല്ലിംഗത്തിലുള്ള പദമാണു് ധാതുപദം. ചില ധാതുപദങ്ങൾക്കു് സ്വരം ܝ (ആകാര) വും മററു ചിലതിനു് ܐ (ഏകാര) വും ആണു് ഉള്ളതു്. ഇവയെ താഴെക്കാണുന്ന രണ്ടു ശ്രേണികളിലായി തരംതിരിച്ചിരിക്കുന്നു.

ഒന്നാം ഗണം: ܦܥܠ-ഗണം. കാരിതക്രിയ.

SECTION I.

ഭൂതകാലം	പുല്ലിംഗം	ഏകവചനം
ശ്രേണി II		ശ്രേണി I
ഏകാരം (ܐ) ഉള്ള ധാതു		ആകാരം (ܝ) ഉള്ള ധാതു
(അവൻ) ഭയന്നു	ܕܚܠ (A)	(അവൻ) രക്ഷിച്ചു (ܗܘ) ܦܪܩ (A)
നീ ഭയന്നു	ܕܚܠܬ (B)	നീ രക്ഷിച്ചു ܦܪܩܬ (B)
ഞാൻ ഭയന്നു	ܕܚܠܬ (C)	ഞാൻ രക്ഷിച്ചു ܦܪܩܬ (C)

malankaralibrary.com

ഭൂതകാലം	സ്ത്രീലിംഗം	ഏകവചനം
ശ്രേണി II		ശ്രേണി I
(അവൾ) ഭയന്നു	⁰ⲥⲁⲥⲉ (D)	(അവൾ) രക്ഷിച്ചു (ൾ) ⁰ⲥⲱϯ (D)
നീ ഭയന്നു	⁰ⲧⲁⲥⲉ (E)	നീ രക്ഷിച്ചു ⁰ⲧⲁⲥⲱϯ (E)
ഞാൻ ഭയന്നു	⁰ⲁⲥⲉ (F)	ഞാൻ രക്ഷിച്ചു ⁰ⲁⲥⲱϯ (F)

മേലെഴുതിയ രണ്ടു ശ്രേണികളിലും A കോളത്തിൽ കാണുന്നവ ധാതുപദങ്ങളാണു്. [ഭൂതകാലപ്രഥമപുരുഷൻ ഏകവചനം പുല്ലിംഗം.]

ധാതുപദത്തിൽനിന്നു് B കോളത്തിൽ കാണുന്ന മധ്യമപുരുഷപദം ഉണ്ടാക്കിയതു് ധാതുപദത്തോടു് ⲧ (ത്) എന്ന പ്രത്യയം ചേർത്തിട്ടാണു്. ഈ "ⲧ" (ത്) ⲛⲓⲧⲉ (= നീ) എന്ന സർവ്വനാമത്തിന്റെ ലോപമാണു്. ഇതിനു് ഖരോച്ചാരണമാണുള്ളതു്. ഈ പ്രത്യയം ചേർത്തതു് ധാതുവിലുള്ള സ്വരത്തിനു് ഭേദം ചെയ്യാതെയാണു്.

C കോളത്തിൽ കാണുന്ന ഉത്തമപുരുഷപദം ഉണ്ടാക്കിയതു് ധാതുപദത്തിലുള്ള സ്വരം നീക്കിക്കളഞ്ഞശേഷം പദാന്ത്യത്തിൽ ⲁⲓ (ഏസ്) എന്ന പ്രത്യയം ചേർക്കുകയും ധാതുവിലെ ഒന്നാം ലിപിയ്ക്കു് ⲁ (എകാരം) ചേർക്കുകയും ചെയ്തിട്ടാണു്. ഈ പ്രത്യയത്തിലെ ⲁ (താവു്) മൃദുച്ചാരണമുള്ളതാണു്.

സ്ത്രീലിംഗം ഏകവചനം.

D കോളത്തിൽ കാണുന്ന പ്രഥമപുരുഷപദമുണ്ടാക്കിയതു് ധാതുപദത്തിലെ സ്വരം നീക്കിക്കളഞ്ഞശേഷം പദാന്ത്യത്തിൽ ⲁⲩ (ആസ്) എന്ന പ്രത്യയം ചേർക്കുകയും ധാതുവിലെ ഒന്നാം ലിപിയ്ക്കു് ⲁ (എകാരം) ചേർക്കുകയും ചെയ്തിട്ടാണു്. ഈ പ്രത്യയത്തിലെ ⲁ (താവു്) മൃദുച്ചാരണമുള്ളതാണു്.

E കോളത്തിൽ കാണുന്ന മധ്യമപുരുഷപദമുണ്ടാക്കിയതു് ധാതുപദത്തിൽ സ്വരഭേദം വരുത്താതെ ⲧ (ത്) എന്ന പ്രത്യയം ചേർത്തിട്ടാണു്. ഈ പ്രത്യയം ⲛⲓⲧⲉ (നീ [സ്ത്രീ]) എന്ന സർവ്വനാമത്തിന്റെ ലോപമാണു്. "ⲧ" (ത്) ഖരോച്ചാരണമുള്ളതാണു്.

F കോളത്തിൽ കാണുന്ന ഉത്തമപുരുഷപദം, പുല്ലിംഗരൂപം പോലെതന്നെയാണു്.

അഭ്യാസം 2 A.

12–ാം അദ്ധ്യായത്തിൽ കൊടുത്തിട്ടുള്ള ആറു് ധാതുപദങ്ങളുടെ ഭൂതകാലരൂപങ്ങളും എഴുതുകയും, ഉച്ചരിക്കുകയും, അർത്ഥം പറയുകയും ചെയ്യണം.

malankaralibrary.com

SECTION II.

ഭൂതകാലം	ബഹുവചനം	പുല്ലിംഗം
അവർ ഭയന്നു (G)	അവർ രക്ഷിച്ചു (G)	
നിങ്ങൾ ഭയന്നു (H)	നിങ്ങൾ രക്ഷിച്ചു (H)	
ഞങ്ങൾ ഭയന്നു (J)	ഞങ്ങൾ രക്ഷിച്ചു (J)	

ഭൂതകാലം	ബഹുവചനം	സ്ത്രീലിംഗം
അവർ ഭയന്നു (K)	അവർ രക്ഷിച്ചു (K)	
നിങ്ങൾ ഭയന്നു (L)	നിങ്ങൾ രക്ഷിച്ചു (L)	
ഞങ്ങൾ ഭയന്നു (M)	ഞങ്ങൾ രക്ഷിച്ചു (M)	

പുല്ലിംഗബഹുവചനം,

G കോളത്തിൽ കാണുന്ന പ്രഥമപുരുഷപദമുണ്ടാക്കിയതു് ധാതുപദാന്ത്യത്തിൽ ൗ (ഊൻ) എന്ന പ്രത്യയം ചേർത്താണു്. ഈ പ്രത്യയം (അവർ) എന്ന സർവ്വനാമത്തിന്റെ ലോപമാണു്. ഇങ്ങനെ ലഭിച്ച പദത്തിന്റെ അന്ത്യത്തിലുള്ള (റുനം) ു (ഉകാരവും) വിട്ടുകളഞ്ഞിട്ടു് പ്രസ്തുത കോളത്തിലെ രണ്ടാമത്തെ പദമുണ്ടാക്കി.

H കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് ധാതുപദത്തോടു് ൗ (തുൻ) എന്ന പ്രത്യയം ചേർത്തിട്ടാണു്. ഈ പ്രത്യയം (നിങ്ങൾ) എന്ന സർവ്വനാമത്തിന്റെ ലോപമാണു്.

J കോളത്തിൽ കാണുന്ന ഉത്തമപുരുഷപദമുണ്ടാക്കിയതു് ധാതുപദത്തിന്റെ അന്ത്യത്തിൽ ു എന്ന പ്രത്യയം ചേർത്തിട്ടാണു്. ഈ പ്രത്യയം (ഞങ്ങൾ) എന്ന സർവ്വനാമത്തിന്റെ ലോപമാണു്.

malankaralibrary.com

ബഹുവചനം സ്ത്രീലിംഗം.

K കോളത്തിൽ കാണുന്ന പ്രഥമപുരുഷപദമുണ്ടാക്കിയതു് ധാതുപദത്തിന്റെ അന്ത്യത്തിൽ ـَـ (ഏൻ) എന്ന പ്രത്യയം ചേർത്തിട്ടാണു്. ഈ പ്രത്യയം ـُـ (അവർ) എന്ന സർവ്വനാമത്തിന്റെ ലോപമാണു്. ഇങ്ങനെ ഉണ്ടാക്കിയ പദത്തിന്റെ അന്ത്യത്തിലുള്ള ـَـ (നൂൻ) ം ـَـ (ഏകാര) വും വിട്ടുകളഞ്ഞിട്ടു് പ്രസ്തുതകോളത്തിലെ രണ്ടാം പദമുണ്ടാക്കിയിരിക്കുന്നു. സ്ത്രീലിംഗബഹുവചനത്തിലുള്ള ഏതു പദവുമെഴുതുമ്പോൾ അതിന്റെ മീതെ ബഹുവചനചിഹ്നമായ ـَـ (റിബൂയി) രേഖപ്പെടുത്തണമെന്നുള്ള വ്യവസ്ഥയനുസരിച്ചു് ഈ പദങ്ങൾക്കു് റിബൂയി വച്ചിട്ടുണ്ടു്.

L കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് ധാതുപദത്തോടു് ـَـ (തേൻ) എന്ന പ്രത്യയം ചേർത്തിട്ടാണു്. ഈ പ്രത്യയം ـُـ (നിങ്ങൾ) എന്ന സർവ്വനാമത്തിന്റെ ലോപമാണു്. ഇതിനു റിബൂയി വച്ചിട്ടുണ്ടു്.

M കോളത്തിൽ കാണുന്ന ഉത്തമപുരുഷപദവും, ഇതിന്റെ പുല്ലിംഗപദവും ഒന്നുതന്നെയാണു്. സ്ത്രീലിംഗബഹുവചനം കാണിക്കുന്നതിനു് റീബൂയിവയ്ക്കുക പതിവാണു്.

അഭ്യാസം 2 B.

12-ാം പാഠത്തിൽ കൊടുത്തിരിക്കുന്ന ധാതുപദങ്ങളിൽനിന്നു് ഭൂതകാലം എല്ലാ ലിംഗത്തിലും പുരുഷനിലുമുള്ള ബഹുവചനപദങ്ങൾ ഉച്ചരിക്കുകയും എഴുതുകയും ചെയ്യുക.

SECTION III.

മററു ഭാഷകളിൽ ആഖ്യ, ആഖ്യാതം, കർമ്മം എന്നിവ വെവ്വേറെയുള്ള പദങ്ങളായി ചേർത്തിട്ടാണു് വാക്യമുണ്ടാക്കുന്നതു്. എന്നാൽ ആറാമായഭാഷയിൽ, ആഖ്യയും, ആഖ്യാതവും, കർമ്മവും കൂടി ഒററപ്പദമായി ഉണ്ടാക്കുവാൻ കഴിയും. ആഖ്യയും, കർമ്മവും സർവ്വനാമങ്ങളായിരിക്കുമ്പോളാണു് ഇതു സാധിക്കുന്നതു്. 1-ാം ഗണത്തിൽപെട്ട ഏതെങ്കിലും ധാതുകൃതിക്കു് ആഖ്യയായി ഒരു സർവ്വനാമവും, കർമ്മമായി മറെറാരു സർവ്വനാമവും വരുമ്പോൾ ധാതുപദത്തിൽ ഭേദങ്ങൾ ചെയ്തു് ഒററപ്പദം ഉണ്ടാക്കി വാക്യം നിർമ്മിക്കുന്ന സമ്പ്രദായം താഴെക്കൊടുത്തിരിക്കുന്ന പട്ടികകളിൽനിന്നു് ഗ്രഹിക്കാവുന്നതാണു്.

malankaralibrary.com

ഏകവചനസർവ്വനാമം.	ബഹുവചനസർവ്വനാമം.
 അവൻ രക്ഷിച്ചു	
അവൻ എന്നെ രക്ഷിച്ചു	അവൻ ഞങ്ങളെ രക്ഷിച്ചു
അവൻ നിന്നെ(പു)രക്ഷിച്ചു	അവൻ നിങ്ങളെ (പു) രക്ഷിച്ചു
 അവൻ നിന്നെ (സ്ത്രീ) രക്ഷിച്ചു	അവൻ നിങ്ങളെ (സ്ത്രീ) രക്ഷിച്ചു
 അവൻ അവനെ രക്ഷിച്ചു	അവൻ അവരെ (പു) രക്ഷിച്ചു
 അവൻ അവളെ രക്ഷിച്ചു	അവൻ അവരെ (സ്ത്രീ) രക്ഷിച്ചു

 = നീ (പു) രക്ഷിച്ചു

താഴെക്കാണുന്ന പദങ്ങളിലെ ി (താവു്) നു് ഖരോച്ചാരണമാണുള്ളതു്.

 നീ എന്നെ രക്ഷിച്ചു	നീ ഞങ്ങളെ രക്ഷിച്ചു
 നീ അവനെ രക്ഷിച്ചു	നീ അവരെ (പു) രക്ഷിച്ചു
നീ അവളെ രക്ഷിച്ചു	നീ അവരെ (സ്ത്രീ) രക്ഷിച്ചു

 (പൊതുലിംഗം) ഞാൻ രക്ഷിച്ചു

താഴെക്കാണുന്ന പദങ്ങളിലുള്ള ി (താവു്) നു് മൃദുച്ചാരണമാണുള്ളതു്.

 ഞാൻ നിന്നെ (പു) രക്ഷിച്ചു	ഞാൻ നിങ്ങളെ (പു) രക്ഷിച്ചു
ഞാൻ നിന്നെ (സ്ത്രീ) രക്ഷിച്ചു	ഞാൻ നിങ്ങളെ (സ്ത്രീ) രക്ഷിച്ചു
ഞാൻ അവനെ രക്ഷിച്ചു	ഞാൻ അവരെ (പു) രക്ഷിച്ചു
 ഞാൻ അവളെ രക്ഷിച്ചു	ഞാൻ അവരെ (സ്ത്രീ) രക്ഷിച്ചു

malankaralibrary.com


അവൻ രക്ഷിച്ചു

താഴെക്കാണുന്ന പദങ്ങളിലെ ു (താവു്) ന് മൂന്നുച്ചാരണമാണുള്ളതു്.

അവൻ എന്നെ രക്ഷിച്ചു	അവൻ തങ്ങളെ രക്ഷിച്ചു
 അവൻ നിന്നെ (പു) രക്ഷിച്ചു	 അവൻ നിങ്ങളെ (പു) രക്ഷിച്ചു
 അവൻ നിന്നെ (സ്ത്രീ) രക്ഷിച്ചു	അവൻ നിങ്ങളെ (സ്ത്രീ) രക്ഷിച്ചു
അവൻ അവനെ രക്ഷിച്ചു	 അവൻ അവരെ (പു) രക്ഷിച്ചു
അവൻ അവളെ രക്ഷിച്ചു	 അവൻ അവരെ(സ്ത്രീ) രക്ഷിച്ചു


നീ (സ്ത്രീ) രക്ഷിച്ചു

താഴെക്കാണുന്ന പദങ്ങളിലുള്ള ു (താവു്) ന് ഖരോച്ചാരണമാണുള്ളതു്.

നീ (സ്ത്രീ) എന്നെ രക്ഷിച്ചു	 നീ(സ്ത്രീ)തങ്ങളെരക്ഷിച്ചു
 നീ (സ്ത്രീ) അവനെ രക്ഷിച്ചു	 നീ (സ്ത്രീ) അവരെ (പു) രക്ഷിച്ചു
നീ (സ്ത്രീ) അവളെ രക്ഷിച്ചു	 നീ (സ്ത്രീ) അവരെ (സ്ത്രീ) രക്ഷിച്ചു

(1) = (2) അവർ രക്ഷിച്ചു

മേലെഴുതിയ രണ്ടു പദങ്ങളോടും സർവ്വനാമപ്രത്യയങ്ങൾ ചേർക്കുമ്പോൾ ഒന്നാം ശ്രേണിയിലുള്ള പദം കവിതകളിൽ പ്രാസം ശരിപ്പെടുത്തുവാനായി ഉപയോഗിക്കുന്നു. സാധാരണയായി ഗദ്യത്തിൽ ഉപയോഗിക്കുന്നതു് രണ്ടാം ശ്രേണിയിലുള്ള പദമാണു്.


അവർ (പു) രക്ഷിച്ചു = =

malankaralibrary.com

	ശ്രേണി II	ശ്രേണി I
അവർ (പു) എന്നെ രക്ഷിച്ചു	ܦܪܩܘܢܝ	ܦܪܩܘܢܝ
അവർ നിന്നെ (പു രക്ഷിച്ചു	ܦܪܩܘܟ	ܦܪܩܘܢܟ
അവർ (പു) നിന്നെ (സ്ത്രീ) രക്ഷിച്ചു	ܦܪܩܘܟܝ	ܦܪܩܘܢܟܝ
അവർ അവനെ രക്ഷിച്ചു	ܦܪܩܘܗܝ	ܦܪܩܘܢܗܝ
അവർ അവളെ രക്ഷിച്ചു	ܦܪܩܘܗ̇	ܦܪܩܘܢܗ̇
അവർ ഞങ്ങളെ രക്ഷിച്ചു	ܦܪܩܘܢ	ܦܪܩܘܢܢ
അവർ നിങ്ങളെ (പു) രക്ഷിച്ചു	ܦܪܩܘܟܘܢ	ܦܪܩܘܢܟܘܢ
അവർ നിങ്ങളെ (സ്ത്രീ) രക്ഷിച്ചു	ܦܪܩܘܟܝܢ	ܦܪܩܘܢܟܝܢ
അവർ അവരെ (പു) രക്ഷിച്ചു	ܦܪܩܘ ܐܢܘܢ	ܦܪܩܘܢ ܐܢܘܢ
അവർ അവരെ (സ്ത്രീ) രക്ഷിച്ചു	ܦܪܩܘ ܐܢܝܢ	ܦܪܩܘܢ ܐܢܝܢ

നിങ്ങൾ (പു) രക്ഷിച്ചു ܦܪܩܬܘܢ

താഴെക്കാണുന്ന പദങ്ങളിലെ ܬ (താവ്) ഖരോച്ചാരണമുള്ളതാണ്.

നിങ്ങൾ ഞങ്ങളെ രക്ഷിച്ചു	ܦܪܩܬܘܢܢ	നിങ്ങൾ എന്നെ രക്ഷിച്ചു	ܦܪܩܬܘܢܝ
അവരെ (പു) രക്ഷിച്ചു	ܦܪܩܬܘܢ ܐܢܘܢ	അവനെ രക്ഷിച്ചു	ܦܪܩܬܘܢܗܝ
അവരെ (സ്ത്രീ) രക്ഷിച്ചു	ܦܪܩܬܘܢ ܐܢܝܢ	അവളെ രക്ഷിച്ചു	ܦܪܩܬܘܢܗ̇

ഞങ്ങൾ രക്ഷിച്ചു = ܦܪܩܢ = ܦܪܩܢܢ

മേലെഴുതിയ രണ്ടു പദങ്ങളിൽ രണ്ടാമത്തേതിനോടുമാത്രമേ സർവ്വനാമ പ്രത്യയങ്ങൾ ചേർക്കാവുള്ളൂ.

malankaralibrary.com

ഞങ്ങൾ നിന്നെ (പു) രക്ഷിച്ചു	ഞങ്ങൾ നിങ്ങളെ (പു) രക്ഷിച്ചു
ഞങ്ങൾ നിന്നെ (സ്ത്രീ) രക്ഷിച്ചു	ഞങ്ങൾ നിങ്ങളെ (സ്ത്രീ) രക്ഷിച്ചു
ഞങ്ങൾ അവനെ രക്ഷിച്ചു	ഞങ്ങൾ അവരെ (പു) രക്ഷിച്ചു
ഞങ്ങൾ അവളെ രക്ഷിച്ചു	ഞങ്ങൾ അവരെ (സ്ത്രീ) രക്ഷിച്ചു

അവർ (സ്ത്രീ) രക്ഷിച്ചു = = =

ശ്രേണി I	ശ്രേണി II		ശ്രേണി I	ശ്രേണി II
		അവർ എന്നെ രക്ഷിച്ചു		ഞങ്ങളെ
		അവർ നിന്നെ (പു) രക്ഷിച്ചു		നിങ്ങളെ (പു)
		അവർ നിന്നെ (സ്ത്രീ) രക്ഷിച്ചു		
		അവർ അവനെ രക്ഷിച്ചു		നിങ്ങളെ (സ്ത്രീ)
		അവർ അവളെ രക്ഷിച്ചു		അവരെ (പു)
				അവരെ (സ്ത്രീ)

നിങ്ങൾ (സ്ത്രീ) രക്ഷിച്ചു

malankaralibrary.com

നിങ്ങൾ എന്നെ രക്ഷിച്ചു 	നിങ്ങൾ ഞങ്ങളെ രക്ഷിച്ചു 
നിങ്ങൾ അവനെ രക്ഷിച്ചു 	നിങ്ങൾ അവരെ (പു) രക്ഷിച്ചു 
നിങ്ങൾ അവളെ രക്ഷിച്ചു 	നിങ്ങൾ അവരെ (സ്ത്രീ) രക്ഷിച്ചു 

അഭ്യാസം 2 C.

12–ാം പാഠത്തിൽ കൊടുത്തിരിക്കുന്ന ധാതുകൃതികളോട് കാമ്മികസ ർവ്വനാമങ്ങൾ എല്ലാ ലിംഗത്തിലും, പുരുഷനിലും, വചനത്തിലും ചേർത്ത് പദ ങ്ങൾ നിർമ്മിക്കുകയും അവ എഴുതി അർത്ഥം പറയുകയും വേണം.

പാഠം 3.

ഒന്നാംഗണം ഗണം.

SECTION I.

ധാതുപദം.	ധാതുപദം. 
വർത്തമാനകാലം	ഏകവചനം പുല്ലിംഗം.
(A)  (ഓൻ) അവൻ ഭയപ്പെടുന്നു	(A)  (ഓൻ) അവൻ രക്ഷിക്കുന്നു
(B)  നീ ഭയപ്പെടുന്നു	(B)  നീ രക്ഷിക്കുന്നു
(C)  ഞാൻ ഭയപ്പെടുന്നു	(C)  ഞാൻ രക്ഷിക്കുന്നു

malankaralibrary.com

വത്തമാനകാലം	ഏകവചനം	സ്ത്രീലിംഗം
അവൾ ഭയപ്പെടുന്നു (D)	هِيَ تَخَافُ	അവൾ രക്ഷിക്കുന്നു (D) هِيَ تَحْفَظُ
നീ ഭയപ്പെടുന്നു (E)	أَنْتِ تَخَافِينَ	നീ രക്ഷിക്കുന്നു (E) أَنْتِ تَحْفَظِينَ
ഞാൻ ഭയപ്പെടുന്നു (F)	أَنَا أَخَافُ	ഞാൻ രക്ഷിക്കുന്നു (F) أَنَا أَحْفَظُ

പുല്ലിംഗം.

A കോളത്തിൽ കാണുന്ന പ്രഥമപുരുഷപദമുണ്ടാക്കിയതു് ധാതുപദത്തിലെ ഒന്നാമത്തെ ലിപിക്കു് ـَ (ഒകാര) വും രണ്ടാമത്തെ ലിപിക്കു് ـْ (എകാര) വും കൊടുത്തിട്ടാണു്. ഈ പദമാണു് വത്തമാനകാലം പുല്ലിംഗം ഏകവചനത്തിന്റെ മൂലപദം.

B കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തോടു് പുല്ലിംഗമദ്ധ്യമപുരുഷസർവ്വനാമമായ أَنْتَ (ആത്തു്) ന്റെ ക്രിയാത്മകരൂപം ചേത്തിട്ടാണു്. മൂലപദവും ക്രട്ടിച്ചേത്തെഴുതിയപ്പോൾ ലഭിച്ച പദമാണു് B കോളത്തിൽ കാണുന്ന രണ്ടാമത്തെ പദം. ഈ പദമുണ്ടാക്കിയപ്പോൾ മൂലപദത്തിലെ രണ്ടാമത്തെ സ്വരം പരിത്യജിക്കപ്പെട്ടു.

C കോളത്തിൽ കാണുന്ന ഉത്തമപുരുഷപദം ഉണ്ടാക്കിയതു് മൂലപദത്തോടു് ഉത്തമപുരുഷൻ ഏകവചനസർവ്വനാമത്തിന്റെ ക്രിയാത്മകരൂപമായ أَنَا (നൊ) ചേത്തിട്ടാണു്.

സ്ത്രീലിംഗം.

D കോളത്തിൽ കാണുന്ന പ്രഥമപുരുഷപദം ഉണ്ടാക്കിയതു് ധാതുപദത്തിലെ സ്വരം നീക്കിക്കളഞ്ഞശേഷം ആദ്യലിപിയോടു് ـَ (ഒകാര) വും മൂന്നാംലിപിയോടു് ـْ (ഒകാര) വും ചേത്തിട്ടാണു്. മൂന്നാം ലിപിയുടെ ـْ (ഒ

malankaralibrary.com

കാര) സ്വരം പദാന്ത്യത്തിൽ വന്നതുകൊണ്ടു് പദാന്ത്യം കാണിപ്പാനായി ا (ഒലഫ്) ചേത്തിരിക്കുന്നു. ഈ പദം സ്ത്രീലിംഗത്തിലുള്ള മൂലപദമാണു്.

E കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തോടു് സ്ത്രീലിംഗമദ്ധ്യമപുരുഷൻ ഏകവചനസർവ്വനാമമായ أَنْتِ (ആത്തു്) ന്റെ ക്രിയാത്മകരൂപം ചേത്തിട്ടാണു്. മൂലരൂപവും സർവ്വനാമവും കൂട്ടിച്ചേത്തിട്ടുണ്ടായ പദമാണു് E കോളത്തിൽ കാണുന്ന രണ്ടാമത്തെ പദം. ഈ പദം ഉണ്ടാക്കിയപ്പോൾ മൂലപദത്തിലെ രണ്ടാമത്തെ സ്വരം പരിത്യജിക്കപ്പെട്ടു.

F കോളത്തിൽ കാണുന്ന ഉത്തമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തോടു് ഉത്തമപുരുഷൻ ഏകവചനസർവ്വനാമത്തിന്റെ ക്രിയാത്മകരൂപമായ أَنَا (നൊ) ചേത്തിട്ടാണു്. ഒന്നാം ഗണത്തിലുള്ള എല്ലാ ധാതുപദങ്ങളുടെയും വർത്തമാനകാലരൂപം ഉണ്ടാക്കുന്നതു് മേൽപറഞ്ഞരീതി അനുസരിച്ചാണു്.

സകർമ്മകമായ ഭൂതകാലക്രിയയോടു് സർവ്വനാമവും കൂട്ടിച്ചേർത്തു് ആഖ്യയും ആഖ്യാതവും കർമ്മവും ഒരു പദത്തിൽതന്നെ അടങ്ങിയിരിക്കുന്ന വാക്യങ്ങളും ഉണ്ടാക്കുക സഹജമാണെന്നു് രണ്ടാം പാഠം Section III ൽ പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ വർത്തമാനകാലത്തിലുള്ള ക്രിയാരൂപത്തോടുകൂടി ഇപ്രകാരം സർവ്വനാമം ചേർക്കുവാൻ പാടില്ല. സർവ്വനാമം പ്രത്യേകപദമായി എഴുതുകയും പറയുകയും ചെയ്യണം. ഉദാ:—

അവൻ എന്നെ രക്ഷിക്കുന്നു = يُنْجِينِي

ഞാൻ നിന്നെ രക്ഷിക്കുന്നു = أَنَا يُنْجِيكَ

അഭ്യാസം 3 A.

ഒന്നാം പാഠത്തിൽ ഒന്നാം ഗണത്തിൽ മാതൃകാപദങ്ങളായി കൊടുത്തിട്ടുള്ള ധാതുകൃതികളുടെ വർത്തമാനകാലം ഏകവചനരൂപങ്ങളും പറയുകയും എഴുതുകയും ചെയ്യണം.

malankaralibrary.com

SECTION II.

ലിപിമാലയിലുള്ള ـمـ ـا ـه എന്ന വല്ലൊങ്ങളും കണ്ണുങ്ങളാണു്. ـِ (ഠീശ്ശു്) ം ചിലപ്പോൾ കണ്ണുങ്ങളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുന്നു. ഈ ലിപികളും നാലും കൂട്ടിച്ചേർത്തു് ـَـا ـَـه എന്ന കൃത്രിമപദം ഉണ്ടാക്കിയിരിക്കുന്നു. ഈ ലിപികൾക്കു് اَلْمَحْمُوْدَة (പ്രാഹാസ്വരത്തെ ആകർഷിക്കുന്നവ) എന്നു് പേരു പറയുന്നു.

ധാതുകൃതിയിലെ മൂന്നാമത്തെ ലിപി اَلْمَحْمُوْدَة വർത്തിൽപ്പെട്ടതും സ്വരരഹിതവുമാണെങ്കിൽ വർത്തമാനകാലം പുല്ലിംഗപദത്തിന്റെ മൂലപദം താഴെക്കാണുന്നപ്രകാരമാണു്. അതായതു് മൂലപദത്തിലെ രണ്ടാംസ്വരം ـَ (അകാരം) ആണു്.

ധാതുപദം.		ധാതുപദം.	
അവൻ സേവിച്ചു	خَدَمَ	അവൻ തുപ്പിപ്പെട്ടു	بَصَقَ
അവൻ സേവിക്കുന്നു	خَدُمَ	അവൻ തുപ്പിപ്പെടുന്നു	بَصُقَ
നീ സേവിക്കുന്നു	خَدُمَ اَنْتَ=خَدُمْتَ	നീ തുപ്പിപ്പെടുന്നു	بَصُقَ اَنْتَ=بَصُقْتَ
ഞാൻ സേവിക്കുന്നു	خَدُمَ اَنَا	ഞാൻ തുപ്പിപ്പെടുന്നു	بَصُقَ اَنَا
ധാതുപദം.		ധാതുപദം.	
അവൻ കെട്ടി	رَبَطَ	അവൻ അന്ധാളിച്ചു	دَهَشَ
അവൻ കെട്ടുന്നു	رَبُطَ	അവൻ അന്ധാളിക്കുന്നു	دَهُشَ
നീ കെട്ടുന്നു	رَبُطَ اَنْتَ=رَبُطْتَ	നീ അന്ധാളിക്കുന്നു	دَهُشَ اَنْتَ=دَهُشْتَ
ഞാൻ കെട്ടുന്നു	رَبُطَ اَنَا	ഞാൻ അന്ധാളിക്കുന്നു	دَهُشَ اَنَا

വർത്തമാനകാലം ഏകവചനം സ്ത്രീലിംഗരൂപമുണ്ടാക്കുന്നതു് സാധാരണരീതി. അനുസരിച്ചാണു്.

malankaralibrary.com

ലിപികളിൽ അവസാനിക്കുന്ന ചില ധാതുക്കൾ താഴെ കൊടുത്തിരിക്കുന്നു.

ൻ അവസാനിക്കുന്ന ധാതുക്കൾ.	ൽ അവസാനിക്കുന്ന ധാതുക്കൾ	ർ അവസാനിക്കുന്ന ധാതുക്കൾ.	ൾ അവസാനിക്കുന്ന ധാതുക്കൾ.
ബന്ധിച്ചു, കെട്ടി.	ഉപ്പുചേർത്തു	സ്തംഭിച്ചു	തുപ്പിപ്പെട്ട
1) ചുറ്റിനടന്നു 2) ഭിക്ഷയാചിച്ചു	ആളയച്ചു	കണ്ണു മഞ്ഞനിറമായി, കാണ്മാൻ പാടില്ലാതായി	കോരിയെടുത്തു
പൊട്ടിച്ചു	1) ഉഴുതു 2) സേവിച്ചു	രുചികെട്ടു	കീറിയെടുത്തു
നയിച്ചു	പറന്നു	അന്ധാളിച്ചു	കേട്ടു

അഭ്യാസം 3 B.

മേൽകാണുന്ന പദങ്ങളുടെ വർത്തമാനകാലം ഏകവചനം പുല്ലിംഗരൂപവും സ്ത്രീലിംഗരൂപവും പറയുകയും എഴുതുകയും വേണം.

ലിപികളിൽ അവസാനിക്കുന്ന ചില പദങ്ങൾ താഴെ ചേർക്കുന്നു.

അഭിഷേകം ചെയ്തു		വിതറി	
തുപ്പിയായി, നിറഞ്ഞു		വിഴുങ്ങി	
സന്ദർശിച്ചു		ഉടച്ചു	
(വിറകു്) കീറി		വിതച്ചു	
സംസ്കരിച്ചു		മതിയാകാതെവന്നു	
(പുസ്തകത്തിലെ കടലാസു്) കീറി എടുത്തു		കതകു് അടച്ചു, സാക്ഷാ ഇട്ടു	
(മൃഗം) കാൽമടക്കി കിടന്നു		നിന്ദിച്ചു	
ഇഷ്ടപ്പെട്ടു, ഇഷ്ടപ്പെടുത്തി		പൂർത്തിയായി, പൂർത്തിയാക്കി	
പൊട്ടിച്ചു		ഒഴിച്ചുകളഞ്ഞു	
തുറന്നു, വഴിയുണ്ടാക്കി		കുഴിച്ചുവച്ചു	

malankaralibrary.com

SECTION III.

വൎത്തമാനകാലം ബഹുവചനം.

ܕܚܠ പോലെയുള്ള ധാതുകൃതികളുടെ വൎത്തമാനകാലബഹുവചനരൂപങ്ങൾ ܦܪܩ ന്റേതു പോലെയാണ്. താഴെ രണ്ടാം ശ്രേണിയിൽ കൊടുത്തിരിക്കുന്നതു് ܦܬܘܚܐ ലിപിയിൽ അവസാനിക്കുന്ന ധാതുവിന്റെ മാതൃകാപദമാണ്.

പുല്ലിംഗം.

(ധാതുപദം) അവൻ കെട്ടി ܩܛܪ	(ധാതുപദം) രക്ഷിച്ചു ܦܪܩ
ശ്രേണി II	ശ്രേണി I
അവർ കെട്ടുന്നു ܩܛܪܝܢ (G)	അവൻ രക്ഷിക്കുന്നു ܦܪܩܝܢ (G)
= ܩܛܪܝܢ ܐܢܬܘܢ (H)	= ܦܪܩܝܢ ܐܢܬܘܢ (H)
നിങ്ങൾ കെട്ടുന്നു ܩܛܪܝܬܘܢ	നിങ്ങൾരക്ഷിക്കുന്നു ܦܪܩܝܬܘܢ
ܩܛܪܝܢ ܚܢܢ = ܩܛܪܝܢܢ (J)	ܦܪܩܝܢ ܚܢܢ = ܦܪܩܝܢܢ (J)
ഞങ്ങൾ കെട്ടുന്നു	ഞങ്ങൾ രക്ഷിക്കുന്നു

സ്ത്രീലിംഗം.

അവർ കെട്ടുന്നു ܩܛܪܢ (K)	അവർ രക്ഷിക്കുന്നു ܦܪܩܢ (K)
ܩܛܪܢ ܐܢܬܝܢ=ܩܛܪܬܝܢ (L)	ܦܪܩܢ ܐܢܬܝܢ=ܦܪܩܬܝܢ (L)
നിങ്ങൾ കെട്ടുന്നു	നിങ്ങൾരക്ഷിക്കുന്നു
ܩܛܪܢ ܚܢܢ = ܩܛܪܢܢ (M)	ܦܪܩܢ ܚܢܢ = ܦܪܩܢܢ (M)
ഞങ്ങൾ കെട്ടുന്നു	ഞങ്ങൾ രക്ഷിക്കുന്നു

G കോളത്തിൽ കാണുന്ന പ്രഥമപുരുഷപദമുണ്ടാക്കിയതു് ധാതുപദത്തിലെ സ്വരം നീക്കിക്കളഞ്ഞശേഷം ആദ്യലിപിയോടു ܐ (ഒകാരം) ചേൎക്കുകയും മൂന്നാം ലിപിയുടെശേഷം ܝܢ (ഈൻ) ചേൎക്കുകയും ചെയ്തിട്ടാണ്. ܝ (ഇകാര)ത്തിന്റെ ലക്ഷ്യമായിട്ടാണ് ܝ (യൂദ്) വന്നിരിക്കുന്നതു്. ഈ പദം പുല്ലിംഗത്തിലെ മൂലരൂപം ആണ്.

malankaralibrary.com

H കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തോടു് മദ്ധ്യമപുരുഷസർവ്വനാമത്തിന്റെ ക്രിയാത്മകരൂപം ചേർത്തിട്ടാണു്. ഇങ്ങനെ ചേർത്തപ്പോൾ മൂലപദത്തിലെ അന്ത്യലിപിയായ ൽ (ൽ) എന്നാ ചില്ലും ക്രിയാത്മകസർവ്വനാമത്തിലെ ആദ്യസ്വരമായ ാ (ആകാര)വും ഉച്ചാരണത്തിൽ ഗ്രസിക്കപ്പെട്ടുപോയി. "പൊർക്കീത്തുൻ" "കൊത്തുറിത്തുൻ" എന്നിങ്ങനെയാണു് ഉച്ചാരണം. മൂലപദവും ക്രിയാത്മകസർവ്വനാമവും കൂട്ടിച്ചേർത്തെഴുതിയപ്പോൾ ലഭിച്ച പദമാണു് H കോളത്തിൽ കാണുന്ന രണ്ടാമത്തെ പദം.

J കോളത്തിൽ കാണുന്ന ഉത്തമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തോടു് ഉത്തമപുരുഷൻസർവ്വനാമത്തിന്റെ ക്രിയാത്മകപദമായ ഞാൻ (നാൻ) ചേർത്തിട്ടാണു്. ഉച്ചാരണത്തിൽ മൂലപദത്തിന്റെ അന്ത്യലിപിയായ ൽ (ൽ) എന്ന ചില്ലു് ക്രിയാത്മകപദത്തിൽ ലയിച്ചുപോയി. "പൊർക്കീനാൻ" "കൊത്തുറീനാൻ" എന്നാണു് ഉച്ചാരണം. മൂലപദവും സർവ്വനാമവും കൂട്ടിച്ചേർത്തെഴുതിയപ്പോൾ ലഭിച്ച പദമാണു് J കോളത്തിൽ കാണുന്ന രണ്ടാമത്തെ പദം.

സ്ത്രീലിംഗം.

K കോളത്തിൽ കാണുന്ന പ്രഥമപുരുഷപദമുണ്ടാക്കിയതു് പുല്ലിംഗത്തിലെ രണ്ടാമത്തെ സ്വരം നീക്കിക്കളഞ്ഞിട്ടു് തൽസ്ഥാനത്തു് മൂന്നാം ലിപിയോടു് ാ (ാൻ) ചേർത്തിട്ടാണു്. ഈ പദം ബഹുവചനം സ്ത്രീലിംഗം ആകയാൽ അതെഴുതിയപ്പോൾ അതിന്റെ മീതെ റീമ്മെയി ചേർത്തിരിക്കുന്നു. ഇതു് സ്ത്രീലിംഗത്തിലുള്ള മൂലപദമാണു്.

L കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തോടു് മദ്ധ്യമപുരുഷൻ സർവ്വനാമത്തിന്റെ ക്രിയാത്മകരൂപമായ ഈർ ചേർത്തിട്ടാണു്. ഇങ്ങനെ ചേർത്തപ്പോൾ മൂലപദത്തിന്റെ അന്ത്യലിപിയായ ൽ (ൽ) ം ക്രിയാത്മകപദത്തിലെ അന്ത്യസ്വരമായ ാ (ആകാര) വും ഉച്ചാരണത്തിൽ ഗ്രസിക്കപ്പെട്ടു. "പൊർക്കോത്തേൻ" "കൊത്തുറോത്തേൻ" എന്നാണു് ഉച്ചാരണം. മൂലപദവും അഭേദകരൂപവും ചേർത്തെഴുതിയപ്പോൾ കിട്ടിയ പദമാണു് L കോളത്തിൽ കാണുന്ന രണ്ടാമത്തെ പദം.

malankaralibrary.com

M കോളത്തിൽ കാണുന്ന ഉത്തമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തോടു് ഉത്തമപുരുഷൻ സർവ്വനാമത്തിന്റെ ക്രിയാത്മകരൂപമായ  (നാൻ) ചേർത്തിട്ടാണു്. ഉച്ചാരണത്തിൽ മൂലപദത്തിന്റെ അന്ത്യപദമായ (നൻ) എന്ന ചില്ലു് ക്രിയാത്മകപദത്തിൽ ലയിച്ചുപോയി. "പൊർക്കോനാൻ" "കൊത്തുറോനാൻ" എന്നാണു് ഉച്ചാരണം. മൂലപദവും ക്രിയാത്മകസർവ്വനാമവും കൂട്ടിച്ചേർത്തെഴുതിയപ്പോൾ ലഭിച്ച പദമാണു് M കോളത്തിൽ കാണുന്ന രണ്ടാമത്തെ പദം.

അഭ്യാസം 3 C.

ഒന്നാം പാഠത്തിൽ ഒന്നാം ഗണത്തിൽ കൊടുത്തിട്ടുള്ള മാതൃകാപദങ്ങളുടെ വർത്തമാനകാലം എല്ലാ ലിംഗത്തിലും വചനത്തിലും പുരുഷനിലും പറയുകയും എഴുതുകയും വേണം.

അഭ്യാസം 3 D.

താഴെക്കൊടുത്തിട്ടുള്ള ധാതുകൃതികളിൽനിന്നു് വർത്തമാനകാലം ബഹുവചനപദങ്ങളും എല്ലാപുരുഷനിലും ലിംഗത്തിലും ഉണ്ടാക്കണം.

പാഠം 4.

ഒന്നാം ഗണം ഭാവികാലം ഏകവചനം

SECTION I.

ഒന്നാം ശ്രേണി	രണ്ടാം ശ്രേണി
(ധാതുപദം) 	(ധാതുപദം) 

ഭാവികാലപദങ്ങൾ ഉണ്ടാക്കുന്നതു് ധാതുകൃതിയ്ക്കു് പദാരംഭത്തിൽ ഉപസർഗ്ഗം ചേർത്തിട്ടാണു്.

പുല്ലിംഗം.

അവൻ ഭയപ്പെടും	 (A)	അവൻ രക്ഷിക്കും	 (A)
നീ ഭയപ്പെടും	 (B)	നീ രക്ഷിക്കും	 (B)
ഞാൻ ഭയപ്പെടും	 (C)	ഞാൻ രക്ഷിക്കും	 (C)

malankaralibrary.com

സ്ത്രീലിംഗം.

അവൾ ഭയപ്പെട്ടു	תִּירְאִי (D)	അവൾ രക്ഷിക്കും	תִּשְׁמְרִי (D)
നീ ഭയപ്പെട്ടു	תִּירְאִי (E)	നീ രക്ഷിക്കും	תִּשְׁמְרִי (E)
ഞാൻ ഭയപ്പെട്ടു	אִירָא (F)	ഞാൻ രക്ഷിക്കും	אֶשְׁמֹר (F)

പുല്ലിംഗം.

ഒന്നാം ശ്രേണി A കോളത്തിൽ കാണുന്ന പ്രഥമപുരുഷപദമുണ്ടാക്കിയതു് ധാതുപദത്തിലെ സ്വരം നീക്കിക്കളഞ്ഞശേഷം പദാരംഭത്തിൽ പ്രഥമപുരുഷൻ ഭാവികാലചിഹ്നമായ יִ (നെ) എന്ന ഉപസർഗ്ഗം ചേർക്കുകയും, രണ്ടാം ലിപിയുടെ പിന്നാലെ ֹ (ഉകാരം) ചേർക്കുകയും ചെയ്തിട്ടാണു്. ഉകാരചിഹ്നമായ ו (വാവു) ക്രട്ടിച്ചേർത്തു് എഴുതി രണ്ടാം ശ്രേണി A കോളത്തിൽ കാണുന്ന പദം ഉണ്ടാക്കിയതു് ധാതുവിലെ സ്വരം നീക്കിക്കളഞ്ഞശേഷം പദാരംഭത്തിൽ תִּ (നെ) എന്ന ഉപസർഗ്ഗവും രണ്ടാം ലിപിയുടെ പിന്നാലെ ָ (ആകാരം)വും ചേർത്തിട്ടാണു്. ഇതു് ഭാവികാലം ഏകവചനം പുല്ലിംഗത്തിലെ മൂലപദമാണു്.

ഒന്നാം ശ്രേണിയിലും രണ്ടാം ശ്രേണിയിലും B കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തിന്റെ ആരംഭത്തിലുള്ള יִ (നൂൻ) നീക്കിക്കളഞ്ഞു് തൽസ്ഥാനത്തു് മദ്ധ്യമപുരുഷചിഹ്നമായ תִּ (താവു) ചേർത്തിട്ടാണു്. ഈ תִּ (താവു) ഖരോച്ചാരണമുള്ളതാണു്. ֶ (എകാരം) സംരക്ഷിക്കപ്പെട്ടു.

ഒന്നാം ശ്രേണിയിലും രണ്ടാം ശ്രേണിയിലും C കോളത്തിൽ കാണുന്ന ഉത്തമപുരുഷപദമുണ്ടാക്കിയതു് മൂലപദാരംഭത്തിലുള്ള יִ (നൂൻ) നീക്കിക്കളഞ്ഞു് തൽസ്ഥാനത്തു് ഉത്തമപുരുഷചിഹ്നമായ אֶ (ഓലഫ്) ചേർത്തിട്ടാണു്.

malankaralibrary.com

സ്ത്രീലിംഗം.

ഒന്നാം ശ്രേണിയിലും രണ്ടാം ശ്രേണിയിലും D കോളത്തിൽ കാണുന്ന പ്രഥമപുരുഷപദമുണ്ടാക്കിയതു് ധാതുപദത്തിലെ സ്വരം നീക്കിക്കളഞ്ഞു് പദാരംഭത്തിൽ ت (താവു) ചേക്കുകയും പദാന്ത്യത്തിൽ ـي (യുദ്) ചേക്കുകയും ചെയ്തിട്ടാണു്. ഈ ـي (യുദ്) നു് ഉച്ചാരണമില്ല. പുരാതനഗ്രന്ഥങ്ങളിൽ ഈ ـي (യുദ്) എഴുതാതെയുമുണ്ടു്. ഇതു് സ്ത്രീലിംഗത്തിലെ മൂലപദമാണു്.

ഒന്നാം ശ്രേണിയിലും രണ്ടാം ശ്രേണിയിലും E കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തിലെ രണ്ടാമത്തെ സ്വരം നീക്കിക്കളയുകയും ـِيْ (ഈൻ) ചേക്കുകയും ചെയ്തിട്ടാണു്. ഒന്നാം ശ്രേണിയിലുള്ള പദത്തിൽനിന്നു് രണ്ടാമത്തെ സ്വരം നീക്കിക്കളഞ്ഞപ്പോൾ അതോടുകൂടി ഉകാരചിഹ്നമായ ـُ (വാവു) പരിത്യജിക്കപ്പെട്ടു.

ഒന്നാം ശ്രേണിയിലും രണ്ടാം ശ്രേണിയിലും F കോളത്തിൽ കാണുന്ന ഉത്തമപുരുഷപദം പുല്ലിംഗത്തിലേതുപോലെതന്നെയാണു്.

അഭ്യാസം 4 A.

12-ാം അദ്ധ്യായത്തിൽ ഒന്നാം ശ്രേണിയിലും രണ്ടാം ശ്രേണിയിലുമായി കൊടുത്തിട്ടുള്ള ധാതുകൃതികളുടെ ഭാവികാലം ഏകവചനപദങ്ങളും എല്ലാ ലിംഗത്തിലും പുരുഷനിലും ഉണ്ടാക്കി ഉച്ചരിക്കുകയും എഴുതുകയും അർത്ഥം പറയുകയും വേണം.

SECTION II.

ഒന്നാം ഗണം ധാതുപദം.	ഭാവികാലം	ബഹുവചനം ധാതുപദം.	
	പുല്ലിംഗം.		
അവർ ഭയപ്പെടും	يَخْشَوْنَ (G)	അവർ രക്ഷിക്കും	يَحْفَظُوْنَ (G)
നിങ്ങളും ഭയപ്പെടും	تَخْشَوْنَ (H)	നിങ്ങളും രക്ഷിക്കും	تَحْفَظُوْنَ (H)
ഞങ്ങളും ഭയപ്പെടും	نَخْشَى (J)	ഞങ്ങളും രക്ഷിക്കും	نَحْفَظُ (J)
	സ്ത്രീലിംഗം.		
അവർ ഭയപ്പെടും	يَخْشَيْنَ (K)	അവർ രക്ഷിക്കും	يَحْفَظْنَ (K)
നിങ്ങളും ഭയപ്പെടും	تَخْشَيْنَ (L)	നിങ്ങളും രക്ഷിക്കും	تَحْفَظْنَ (L)
ഞങ്ങളും ഭയപ്പെടും	نَخْشَ (M)	ഞങ്ങളും രക്ഷിക്കും	نَحْفَظُ (M)

malankaralibrary.com

പുല്ലിംഗം.

ഒന്നാം ശ്രേണിയിലും രണ്ടാം ശ്രേണിയിലും G കോളത്തിൽ കാണുന്ന പ്രഥമപുരുഷപദം ഉണ്ടാക്കിയതു് ഭൂതകാലം ഏകവചനം പുല്ലിംഗത്തിലെ മൂലപദത്തോടു് ܘܢ (ഊൻ) ചേർത്തിട്ടാണു്. ഇങ്ങനെ ചേർത്തപ്പോൾ മൂലപദത്തിലെ രണ്ടാമത്തെ സ്വരം പരിത്യജിക്കപ്പെട്ടു. ഒന്നാം ശ്രേണിയിലെ മൂലപദത്തിൽ ഉകാരചിഹ്നമായ ܘ (വാവു) ം പരിത്യജിക്കപ്പെട്ടു. ഇങ്ങനെ ലഭിച്ചതു് ബഹുവചനത്തിലെ മൂലപദമാണു്.

H കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദം ഉണ്ടാക്കിയതു് മൂലപദത്തിന്റെ ഉപസർഗ്ഗമായ ܢ (നൂൻ) നീക്കിക്കളഞ്ഞു് തൽസ്ഥാനത്തു് ܬ (താവു) ചേർത്തിട്ടാണു്. മൂലപദത്തിലെ ഉപസർഗ്ഗത്തിന്റെ ܐ (എകാരം) സംരക്ഷിക്കപ്പെട്ടു.

J കോളത്തിൽ കാണുന്ന പദവും A കോളത്തിൽ കാണുന്ന പദവും ഒന്നുതന്നെയാണു്. A കോളത്തിലെ പ്രഥമപുരുഷൻ ഏകവചനവും J കോളത്തിലെ ഉത്തമപുരുഷൻ ബഹുവചനവും ഒരുപോലെയുള്ള പദങ്ങളാണു്. രണ്ടും തമ്മിൽ തിരിച്ചറിയുന്നതിലേക്കു് ബിന്ദു ഉപയോഗിക്കുന്നു. A കോളത്തിലെ പദം പ്രഥമപുരുഷനാണെന്നു കാണിപ്പാൻ ധാതുവിലെ മൂന്നാം ലിപിയുടെ താഴെ ഒരു ബിന്ദു വയ്ക്കുന്നു.

J കോളത്തിലെ പദം ഉത്തമപുരുഷൻ ആണെന്നു കാണിപ്പാൻ ധാതുവിലെ മൂന്നാം ലിപിയുടെ മീതെ ഒരു ബിന്ദു വയ്ക്കുന്നു. സംഭാഷണത്തിൽ അർത്ഥം വ്യക്തമാക്കുന്നതിലേക്കു് സർവ്വനാമംകൂടി പ്രയോഗിക്കാറുണ്ടു്. ഉദാ:—

അവൻ രക്ഷിക്കും = ܗܘ ܡܘܪܝܐ

ഞങ്ങൾ രക്ഷിക്കും = ܚܢܢ ܡܘܪܝܐ

സ്ത്രീലിംഗം.

K കോളത്തിൽ കാണുന്ന പ്രഥമപുരുഷപദം ഉണ്ടാക്കിയതു് പുല്ലിംഗത്തിലെ മൂലപദത്തിന്റെ അന്ത്യത്തിലുള്ള ܘܢ (ഊൻ) നീക്കിക്കളഞ്ഞു് തൽസ്ഥാനത്തു് ܝ (ഓൻ) ചേർത്തിട്ടാണു്. സ്ത്രീലിംഗബഹുവചനമാകയാൽ പദത്തിന്റെ മീതെ ܝ (റീബൂയി) വച്ചിട്ടുണ്ടു്. ഈ പദം സ്ത്രീലിംഗത്തിന്റെ മൂലപദമാണു്.

malankaralibrary.com

L കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദം ഉണ്ടാക്കിയതു് മൂലപദത്തിലെ ഉപസർഗ്ഗമായ ܢ (നൂൻ) നീക്കി തൽസ്ഥാനത്തു് ܬ (താവു) വച്ചിട്ടാണു്. സ്ത്രീലിംഗബഹുവചനമായതുകൊണ്ടു് റീബൂയി വച്ചിട്ടുണ്ടു്.

M കോളത്തിൽ കാണുന്ന ഉത്തമപുരുഷപദം പുല്ലിംഗത്തിലെ ഉത്തമപുരുഷപദം തന്നെയാണു്. സ്ത്രീലിംഗത്തിലുപയോഗിക്കുമ്പോൾ ഇതിനു് റീബൂയി വയ്ക്കുന്നു.

അഭ്യാസം 4 B.

12-ാം അദ്ധ്യായത്തിൽ കാണുന്ന ചില കൃതികളുടെ ഭൂതകാലബഹുവചനപദങ്ങൾ എല്ലാ ലിംഗത്തിലും പുരുഷനിലും പറയുകയും എഴുതുകയും വേണം.

SECTION III A.

വിധായകപ്രകാരം.

(IMPERATIVE MOOD.)

ഏകവചനം.

(പു) നീ ഭയപ്പെടണം ܕܚܠ (N)	(പു) നീ രക്ഷിക്കണം ܦܪܘܩ (N)
(സ്ത്രീ) നീ ഭയപ്പെടണം ܕܚܠܝ (P)	(സ്ത്രീ) നീ രക്ഷിക്കണം ܦܪܘܩܝ (P)

ബഹുവചനം.

(പു) നിങ്ങൾ ഭയപ്പെടണം ܕܚܠܘ = ܕܚܠܘܢ (Q)	(പു) നിങ്ങൾ രക്ഷിക്കണം ܦܪܘܩܘ = ܦܪܘܩܘܢ (Q)
(സ്ത്രീ) നിങ്ങൾ ഭയപ്പെടണം ܕܚܠܝ = ܕܚܠܝܢ (R)	(സ്ത്രീ) നിങ്ങൾ രക്ഷിക്കണം ܦܪܘܩܝ = ܦܪܘܩܝܢ (R)

വിധായകരൂപം മദ്ധ്യമപുരുഷനിലുള്ള ക്രിയയാണു്.

N കോളത്തിൽ കാണുന്ന പുല്ലിംഗം ഏകവചനരൂപം ഉണ്ടാക്കിയതു് B കോളത്തിൽ കാണുന്ന ഭാവികാലം ഏകവചനം മദ്ധ്യമപുരുഷൻ പുല്ലിംഗപദത്തിൽനിന്നും ഭാവികാലചിഹ്നമായ ܬ (തെ) നീക്കിക്കളഞ്ഞിട്ടാണു്. ഇതാണു് വിധായകരൂപത്തിന്റെ മൂലരൂപം.

malankaralibrary.com

P കോളത്തിൽ കാണുന്ന സ്ത്രീലിംഗപദമുണ്ടാക്കിയതു് മൂലപദത്തിന്റെ അന്ത്യത്തിൽ ـة (യുദ്) ചേർത്തിട്ടാണു്. ഈ യുദിനു് ഇപ്പോൾ ഉച്ചാരണമില്ല. പൂർവ്വകാലത്തു് "ഈ" എന്നു് ഉച്ചരിക്കുമായിരുന്നു. (ഒരു ബാലികയെ ഉയിർപ്പിച്ചപ്പോൾ യേശുക്രിസ്തു അവളോടു പറഞ്ഞതു് طَلِيثَا قُومِي (തലീഥാ ക്കുമീ) എന്നാണു്. (മർക്കോസ് 5:41.)

Q കോളത്തിൽ കാണുന്ന ബഹുവചനം പുല്ലിംഗപദം ഉണ്ടാക്കിയതു് മൂലപദത്തോടു് ـُونَ (ഊൻ) ചേർത്തിട്ടാണു്. ഇതിനെ ലോപിപ്പിച്ചപ്പോൾ അന്ത്യലിപിയായ ن (നൂൻ) ം ـُ(ഊകാര)വും പരിത്യജിക്കപ്പെട്ടു. Q കോളത്തിൽ കാണുന്ന രണ്ടാം പദം ലഭിച്ചതു് ഇങ്ങനെയാണു്.

R കോളത്തിൽ കാണുന്ന സ്ത്രീലിംഗബഹുവചനപദം ഉണ്ടാക്കിയതു് മൂലപദത്തോടു് ـِينَ (ഏൻ) ചേർത്തിട്ടാണു്. ഇതിനെ ലോപിപ്പിച്ചപ്പോൾ അന്ത്യലിപിയായ ـة (യുദ്) ം ـِ (എകാര)വും പരിത്യജിക്കപ്പെട്ടു.

SECTION III B.

നിരോധനം.

നിഷേധാർത്ഥമുള്ള വിധായകരൂപം ഉണ്ടാക്കുന്നതു് താഴെക്കാണിക്കുന്ന വിധത്തിലാണു്. ഭാവികാലം മദ്ധ്യമപുരുഷപദത്തിന്റെ മുമ്പിൽ لَا (അരുതു്) എന്ന നിഷേധകദ്യോതകപദം ചേർക്കുന്നു. ഉദാ:—

നീ ഭയപ്പെടരുതു് = لَا تَخَفْ

നീ രക്ഷിക്കരുതു് = لَا تَحْفَظْ

നീ സമീപിക്കരുതു് = لَا تَحْضُرْ

വിധായകരൂപം ആജ്ഞകൊടുക്കുന്നതിനു് ഉപയോഗിക്കുന്നതാണു്. അതു് മദ്ധ്യമപുരുഷനുമാണു്.

malankaralibrary.com

SECTION III C.

1. "നീ രക്ഷിക്കണമെ" എന്നുള്ള പ്രാർത്ഥകപ്രകാരം (Benedictive Mood) കാണിക്കുന്നതിനു് ഉദ്ദേശിക്കുമ്പോൾ മദ്ധ്യമപുരുഷനിലുള്ള വിധായകപദത്തിന്റെ പിന്നാലെ ـَـ (ـَـ) എന്നാ ഹ്രസ്വമായ ـِـ (ഇകാരം) ഉള്ള ദ്യോതകപദം ചേർക്കുന്നു.

ഭാവികാലം ഉത്തമപുരുഷപദത്തോടും മേല്പറഞ്ഞ അർത്ഥത്തിൽ ـَـ ചേർക്കുന്നുണ്ടു്. ഉദാ:—

حَنِّنِي يَا أَبَتِي .

എന്റെ പുത്രാ! (ദയവുണ്ടായി) നീ അടുത്തുവരിക. ഞാൻ നിന്നെ തലോടട്ടെ.

حَنِّنِي يَا حَكَمِي .

(ദയവുണ്ടായി) നീ നിന്റെ അധികാരിയെ സമീപിക്കണം.

أَقُومُ يَا أَدُقُّ شَوَارِعَ الْمَدِينَةِ وَسَاحَاتِهَا .

ഞാൻ എഴുന്നേറ്റു് പട്ടണങ്ങളിലും തെരുവുകളിലും വീഥികളിലും ചുറ്റിസഞ്ചരിക്കും. (അതിലേക്കു നിങ്ങളും അനുവദിക്കണമെ.)

يَا എന്നാ ദ്യോതകപദം വയ്ക്കുന്നാ എല്ലാ സ്ഥാനങ്ങളിലും لِـ (എനിക്കു വേണ്ടി) എന്നാ പദം വയ്ക്കാവുന്നതാണു്. "ദയവുണ്ടായി" എന്നാ അർത്ഥം ഉൾക്കൊള്ളിച്ചറയുന്നതിനാണു് يَا ഉപയോഗിക്കുന്നതു്.

2. "നീ രക്ഷിച്ചാലും" ("നീ രക്ഷിക്കുവാൻ ഞാൻ സമ്മതിച്ചിരിക്കുന്നു") എന്നിപ്രകാരമുള്ള അർത്ഥം വിവക്ഷിക്കുന്നതായ അനുജ്ഞായകപ്രകാരം (Permissive Mood) കാണിപ്പാൻ വിധായകരൂപം ഉപയോഗിക്കുന്നു. ഉദാ:—

وَفِي السَّنَةِ السَّابِعَةِ اتْرُكْهَا وَاطْرَحْهَا فَيَأْكُلَ فُقَرَاءُ شَعْبِكَ .

ഏഴാം സംവത്സരത്തിലൊ അതു ഉഴവു ചെയ്യാതെ വെറുതെ ഇട്ടേക്കുക. നിന്റെ ജനത്തിലെ ദരിദ്രന്മാർ അഹോവൃത്തി കഴിക്കട്ടെ. (പുറ. 23:11.)

لِيَأْتِ أَخِي تَامَارُ .

എന്റെ സഹോദരിയായ തോമോർ എന്റെ അടുക്കൽ വരട്ടെ. (2 ശാമു. 13:6)

3. അവൻ രക്ഷിച്ചെങ്കിൽ കൊള്ളാമായിരുന്നു എന്നുള്ള അർത്ഥം വിവക്ഷിക്കുന്നതിനു് ആശംസകപ്രകാരം (Optative Mood) ഉപയോഗിക്കുന്നു.

malankaralibrary.com

ഇതിലേക്കായി ܐܢ ܗܘܝ ܠܝ "എന്നും ܐܠܐ എന്നും ഉള്ള ദ്യോതകങ്ങളും ഉപയോഗിക്കുന്നു. ഉദാ:—

ܐܢ ܗܘܝ ܠܝ ܐܝܟ ܕܗܘܐ ܒܚܝܐ ܐܝܫܡܥܐܠ ܠܐ ܡܝܬ ܗܘܐ.

ഇശ്മായേൽ നിന്നെ മുമ്പാകെ ജീവിച്ചിരുന്നാൽ കൊള്ളാമായിരുന്നു.
(ഉല്പത്തി 17:18)

ܐܢ ܗܘܝ ܠܝ ܡܝܬ ܐܢܟܢ ܒܡܨܪ ܐܘ ܠܐ.

ഞങ്ങളെ മിസ്രയിംദേശത്തുവച്ചു് മരിച്ചിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു.
(സംഖ്യ 14:2)

ܐܢ ܗܘܝ ܠܝ ܐܢܚܢܢ ܐܦ ܥܠ ܟܠ ܚܕ ܡܢܟܘܢ.

നിങ്ങളോടുകൂടെ ഞങ്ങളും വാഴേണ്ടതിനു് നിങ്ങളും വാണു എങ്കിൽ കൊള്ളാമായിരുന്നു. (1 കോറി. 4:8)

ܐܢ ܗܘܝ ܠܝ ܐܦ ܡܢ ܕܡܒܗܠܝܢ ܐܢܘܢ ܢܬܩܛܥܘܢ ܕܡܐ.

നിങ്ങളെ കലഹിപ്പിക്കുന്നവർ അംഗഛേദം ചെയ്തുകൊണ്ടെങ്കിൽ കൊള്ളാമായിരുന്നു. (ഗലാ. 5:12)

ܟܐ ܗܘܝ ܕܒܥܠ ܒܪܢܫܐ ܠܐܠܗܐ ܐܝܟ ܕܐܚܕ ܠܚܒܪܗ.

ഒരുവൻ സ്വമിത്രത്തിനോടെന്നപോലെ മനുഷ്യൻ ദൈവത്തോടും ന്യായവാദം ചെയ്തുവെങ്കിൽ കൊള്ളാമായിരുന്നു. (യോബ് 16:21)

ܟܐ ܗܘܝ ܠܝ ܨܠܘܬܝ.

എന്റെ മനോവികാരം ഒന്നു തൂക്കിനോക്കിയിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു (യോബ് 6:1)

SECTION III D.

സംയുക്തവിധായകം.

ܐܬܐ (അവൻ വന്നു) എന്ന ധാതുകൃതിയുടെ വിധായകരൂപങ്ങളായ ܐܬܹ [നീ (പു) വരിക], ܐܬܝ [നീ (സ്ത്രീ) വരിക], ܐܬܘ [നിങ്ങൾ(പു)വരുവിൻ], ܐܬܝܢ [നിങ്ങൾ (സ്ത്രീ) വരുവിൻ] എന്ന പദങ്ങളും മറ്റു ധാതുക്കളുടെ ഉത്തമപുരുഷൻ ഭാവികാലപദത്തോടുകൂടെ ചേർത്തു് "നമുക്കു് ഇന്നതു പ്രവർത്തിക്കാം" എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. ഉദാ:—

malankaralibrary.com

നീ വരിക, നമുക്കു യാത്ര പുറപ്പെടാം = ܬܐ ܢܶܫܩܰܠ

നിങ്ങൾ വരുവിൻ, നമുക്കു യാത്ര പുറപ്പെടാം = ܬܰܘ ܢܶܫܩܰܠ

ܐܶܙܰܠ (അവൻ പോയി) എന്ന ധാതുക്രിയയുടെ വിധായകരൂപങ്ങളായ ܙܶܠ [നീ(പു)പോകണം], ܙܶܠܝ [നീ (സ്ത്രീ)പോകണം], ܙܶܠܘ [നിങ്ങൾ (പു) പോകുവിൻ], ܙܶܠܝ̈ [നിങ്ങൾ (സ്ത്രീ) പോകുവിൻ] എന്ന പദങ്ങൾ മററു പദങ്ങളുടെ വിധായകരൂപത്തോടും മദ്ധ്യമപുരുഷൻ ഭാവികാലരൂപത്തോടും കൂട്ടിച്ചേർത്തു് ആജ്ഞകൊടുക്കുന്നതിനായി പ്രയോഗിക്കാറുണ്ടു്. ഉദാ:–

നീ പോയി ഉറങ്ങിയാലും = ܙܶܠ ܘܰܕܡܰܟ

നീ പോയി പച്ചമരുന്നു് പറിച്ചുകൊണ്ടുവരിക = ܙܶܠ ܬܶܡܪܰܘܛܝ ܥܶܣܒܳܐ

SECTION IV.

അപൂർണ്ണക്രിയ.

(ധാതുപദം)	ܕܚܶܠ	(ധാതുപദം)	ܦܪܰܩ
ഭയപ്പെടുവാൻ	ܡܶܕܚܰܠ (S)	രക്ഷിപ്പാൻ	ܡܶܦܪܰܩ (S)
ഭയപ്പെടുവാൻ	ܠܡܶܕܚܰܠ (T)	രക്ഷിപ്പാൻ	ܠܡܶܦܪܰܩ (T)

'രക്ഷിക്കുന്നതിനുവേണ്ടി' 'രക്ഷിപ്പാൻ' എന്നിപ്രകാരം അർത്ഥമുള്ള അപൂർണ്ണക്രിയാപദങ്ങൾ രണ്ടു വിധമുണ്ടു്. അവയിൽ ഒന്നാമത്തേതാണു് S കോളത്തിൽ കാണുന്നതു്. ഇതിനോടു സർവ്വനാമപ്രത്യയങ്ങൾ ചേർക്കാറില്ല. ഏതു ക്രിയാപദത്തോടുകൂടെ അതിനെ സംഘടിപ്പിക്കുന്നുവോ ആ ക്രിയാപദത്താൽ വിവക്ഷിക്കുന്ന അർത്ഥം ഊന്നിപ്പറയുന്നതിനുമാത്രമാണു് അതു് ഉപയോഗിക്കുന്നതു്. ഉദാ:–

അവൻ നന്നായി ശ്രദ്ധിച്ചുകേട്ടു, ചെയ്തില്ല = ܫܡܰܥ ܡܶܫܡܰܥ ܘܠܳܐ ܥܒܰܕ

അവൻ തീർച്ചയായും പോയി, മടങ്ങിവന്നില്ല = ܐܶܙܰܠ ܡܰܐܙܰܠ ܘܠܳܐ ܗܦܰܟ

S കോളത്തിലെ പദത്തിന്റെ ആരംഭത്തിൽ ܠ (ലോമദ്) ചേർത്തിട്ടാണു്, T കോളത്തിൽ കാണുന്ന പദം ഉണ്ടാക്കിയതു്. ഇങ്ങനെ ലഭിച്ച പദ

malankaralibrary.com

ത്തോട്ട് സർവ്വനാമങ്ങളും ചേർക്കുന്ന വിധം ഈ പാഠത്തിന്റെ ഒടുവിൽ കൊണിച്ചിരിക്കുന്നു.

അഭ്യാസം 4 C.

12–ാം അദ്ധ്യായത്തിൽ കൊടുത്തിട്ടുള്ള ചില കൃതികളുടെ അപൂർണ്ണക്രിയ ഉണ്ടാക്കി എഴുതുകയും, ഉച്ചരിക്കുകയും, അർത്ഥം പറയുകയും ചെയ്യണം.

പാഠം 6.

ഭാവികാലം. വിവിധരൂപങ്ങൾ.

ഭൂതകാലത്തിന്റെ മൂലപദം, ഏകവചനം പ്രഥമപുരുഷൻ പുല്ലിംഗരൂപമാണെന്നു് മേൽപറഞ്ഞിട്ടുണ്ടല്ലൊ. ഈ ഭൂതകാലപദത്തിൽനിന്നു് ഭൂതകാലത്തിലെ എല്ലാ രൂപങ്ങളും ഉണ്ടാക്കുന്നു.

SECTION I A.

1. ചില പദങ്ങൾക്കു് രണ്ടർത്ഥമുണ്ടു്. ഈ രണ്ടർത്ഥങ്ങളും കാണിപ്പാൻ ഭാവികാലത്തിൽ രണ്ടു മൂലപദങ്ങളും ഉപയോഗിക്കുന്നു. ഒന്നിനു് ◌ (അകാരം)വും മറ്റൊന്നിനു് ◌് (ഉകാരം)വും ചേർത്തിട്ടാണു് ഇവ തമ്മിലുള്ള ഭേദം കാണിക്കുന്നതു്. ഉദാ:–

ഭാവികാലപദങ്ങൾ.		ധാതുപദം.	
അവൻ മുറുകണം ചെയ്യും		മുറുകണം ചെയ്തു (1)	
അവൻ മുങ്ങും		വെള്ളത്തിൽ മുങ്ങി (2)	
അവൻ കുഴി കുഴിക്കും		കുഴിച്ചു, തുരന്നു (1)	
അവൻ നാണിക്കും		നാണിച്ചു, മുഖം വിളറി (2)	
പൂർത്തിയാക്കും		പൂർത്തിയാക്കി, നിറവേറി(1) (സകർമ്മകം)	
(അതു) നിറവേറും, അവസാനിക്കും, കാര്യം തീരും		അവസാനിച്ചു, കാര്യംതീർന്നു(2) (അകർമ്മകം)	

malankaralibrary.com

അസൂയപ്പെടും		അസൂയപ്പെട്ടു	(1)	
തീക്ഷ്ണത കാണിക്കും, മത്സരിക്കും		തീക്ഷ്ണത കാണിച്ചു, മത്സരിച്ചു	(2)	
ദൂതനെ അയയ്ക്കും		(ദൂതനെ) അയച്ചു	(1)	
വസ്ത്രം ഉരിയും		വസ്ത്രം ഉരിഞ്ഞു	(2)	
സേവനം ചെയ്യും		സേവനം ചെയ്തു	(1)	
ഉഴും, വേല ചെയ്യും		ഉഴുതു, വേല ചെയ്തു	(2)	
കൊല്ലും		കൊന്നു	(1)	
ബലികഴിക്കും		ബലികഴിച്ചു	(2)	

SECTION I B.

2. ചില ധാതുപദങ്ങൾക്കു് (അകാര) വും (എകാര) വും ഉണ്ടു്. അവയുടെ അത്ഥവും ഭാവികാലരൂപങ്ങളും വിവിധമാണു്.

ജാമ്യം നിൽക്കും		ജാമ്യം നിന്നു	
അസ്തമിക്കും		അസ്തമിച്ചു	
അവൻ മുട്ടുകുത്തും		മുട്ടുകുത്തി, കാലുമടക്കിക്കിടന്നു	
അവൻ വന്ദിക്കും		വന്ദിച്ചു, വണങ്ങി	
അവൻ നശിപ്പിക്കും, വാളുകൊണ്ടു സംഹരിക്കും		നശിപ്പിച്ചു, വാളുകൊണ്ടു വെട്ടി	
തരിശാകും, വിജനസ്ഥലമാകും		തരിശായിത്തീർന്നു, വിജനസ്ഥലമായി	
പങ്കിടും		പങ്കിട്ടു, രണ്ടായി വിഭജിച്ചു	
പകുതികാലമാകും		പകുതികാലമായി	
കൊല്ലും		കൊന്നു	
മൂകനാകും		മൂകനായി	

malankaralibrary.com

SECTION I C.

3. ധാതുപദം ـَـ (അകാരം) ഉള്ളതാണെങ്കിൽ സാധാരണയായി അതി
ന്റെ ഭാവികാലരൂപം ـُـ (ഉകാരം) ചേർന്നുള്ളതാണു്. ഉദാ:—

അവൻ രക്ഷിക്കും = يَحْفَظُ - حَفَظَ

എന്നാൽ ധാതുപദത്തിലും ഭാവികാലപദത്തിലും ഒരുപോലെ ـَـ (അകാ
രം) വരുന്ന അനേകധാതുക്കളുണ്ടു്. അവയിൽ ചിലതു താഴെ ചേർക്കുന്നു.

(തീ) കത്തിയെരിയും	يَحْكَمُ	(തീ) കത്തിയെരിഞ്ഞു	حَكَمَ
അവൻ നയിക്കും	يَهْدِي	അവൻ നയിച്ചു	هَدَى

ഈവിധമുള്ള ധാതുകൃതികളുടെ പട്ടിക 12—ാം അദ്ധ്യായത്തിൽ കൊടു
ത്തിട്ടുണ്ടു്.

SECTION I D.

4. ധാതുപദത്തിൽ ـِـ (എകാരം) ഉള്ള പദങ്ങളിലും സാധാരണയായി ـَـ (അ
കാരം) ആണു് ഭാവികാലത്തിൽ കാണുന്നതു്. ഉദാ:—

ഭയപ്പെടും = يَسْمَعُ ഭയപ്പെട്ടു = سَمِعَ

എന്നാൽ ചുരുക്കം ചില പദങ്ങളിലും ധാതുവിൽ ـِـ (എകാരം) ഉണ്ടെങ്കി
ലും ഭാവികാലരൂപം ـُـ (ഉകാര)ത്തിലാണു്. ഉദാ:—

(അവർ) സമീപിക്കും	يَقْرَبُ	സമീപിച്ചു	قَرَبَ
(അവർ) വന്ദിക്കും	يَعْبُدُ	വന്ദിച്ചു	عَبَدَ
(അവർ) മിണ്ടാതിരിക്കും	يَصْمُتُ	മിണ്ടാതിരുന്നു	صَمَتَ

SECTION I E.

5. ചില ധാതുക്കളിലും ـَـ (അകാര)വും ഭാവികാലപദത്തിനു് ـِـ (എ
കാര)വും ആണു് ഉള്ളതു്. ഉദാ:—

അവൻ വിലക്കു വാങ്ങും	يَشْرِي	അവൻ വിലക്കു വാങ്ങി	شَرَى
അവൻ പ്രവർത്തിക്കും	يَجْرِي	അവൻ പ്രവർത്തിച്ചു	جَرَى

malankaralibrary.com

SECTION I F.

6. ചില പദങ്ങളിൽക്കു് ഭാവികാലരൂപം ു (ഉകാര)ത്തിലും ു (അകാര)ത്തിലും ഉണ്ടു്. രണ്ടുംതമ്മിൽ അത്ഥഭേദമില്ല. ഉദാ:—

(അവൻ) തൊഴിക്കും	തൊഴുന്നു / തൊഴുന്നു	അവൻ തൊഴിച്ചു
(അവൻ) പൊടിക്കും	പൊടുന്നു / പൊടുന്നു	പൊടിച്ചു
വേരോടെ പറിക്കും	പറുക്കുന്നു / പറുക്കുന്നു	വേരോടെ പറിച്ചുകളഞ്ഞു

SECTION I G.

ചില പദങ്ങളും അകമ്മകമായിരിക്കുമ്പോൾ ധാതുവിൽ ു (എകാര) വും യിരിക്കുമ്പോൾ സകമ്മകമാ ു (അകാര) വും ഉണ്ടു്.

ഭാവികാലം നോവുന്നു
(രോഗം, വേദന) ശക്തിപ്പെട്ടു (അകമ്മകം)
(ബലംപ്രയോഗിച്ചു്) കീഴ്പ്പെടുത്തി (സകമ്മകം)

രണ്ടിന്റെയും ഭാവികാലം ഒന്നുതന്നെയാണു്.

SECTION I H.

മേല്പോട്ടു വളരുന്നു, മേല്പോട്ടു പോയി, അവൻ കരേറി=

ഭാവികാലപദം എന്നല്ല എന്നാണു്. ഈ ധാതുക്രിയയുടെ ഭാവികാലരൂപാവലി താഴെക്കാണുന്നപ്രകാരമാണു്.

malankaralibrary.com

അവൾ കരേവും		അവൻ കരേവും	
നീ (സ്ത്രീ) കരേവും		നീ (പു) കരേവും	
ഞാൻ കരേവും		ഞാൻ കരേവും	

വിധായകരൂപത്തിന്റെ മൂലപദം  എന്നാണു്. അപൂർണ്ണക്രിയ  എന്നാണു്.

 എന്ന ധാതുവിന്റെ ഭാവികാലരൂപം താഴെക്കാണുന്നപ്രകാരമാണു്.

സ്ത്രീലിംഗം.		പുല്ലിംഗം.	
അവൾ ഓടും		അവൻ ഓടും	
നീ ഓടും		നീ ഓടും	
ഞാൻ ഓടും		ഞാൻ ഓടും	

വിധായകരൂപം  എന്നാണു്,  എന്നല്ല.

SECTION I J.

നോട്ടു്:— മദ്ധ്യമപുരുഷൻ എകവചനത്തിലുള്ള ഭാവികാലരൂപം ലഭിച്ചാൽ വിധായകരൂപം അതിൽനിന്നു് ഉണ്ടാക്കാവുന്നതാണു്.

വിധായകരൂപം.		ഭാവികാലം.		ധാതു.	
നീ കൊല്ലണം (പു)		നീ കൊല്ലും		അവൻ കൊന്നു	
നീ (പു) ഭയപ്പെടണം		നീ ഭയപ്പെടും		അവൻ ഭയപ്പെട്ടു	
നീ (പു) മുങ്ങണം		നീ മുങ്ങും		1. അവൻ മുങ്ങി	
നീ (പു) മുദ്രണം ചെയ്യണം		നീ മുദ്രണം ചെയ്യും		2. അവൻ മുദ്രണംചെയ്തു	
നീ (പു) വന്ദിക്കണം		നീ വന്ദിക്കും		അവൻ വന്ദിച്ചു	
നീ (പു) ചെയ്യണം		നീ ചെയ്യും		അവൻ ചെയ്തു	

malankaralibrary.com

അഭ്യാസം 6 A.

പാഠം 6-ൽ കൊടുത്തിട്ടുള്ള എല്ലാ ധാതുകൃതികളുടെയും ഭാവികാലപദങ്ങളും എല്ലാ ലിംഗത്തിലും വചനത്തിലും പുരുഷനിലും എഴുതുകയും പറയുകയും വേണം. ഓരോന്നിന്റെയും അർത്ഥവും പറയണം.

SECTION II.

ഭാവികാലപദത്തോട് കർത്താവുള്ള സർവ്വനാമപ്രത്യയങ്ങളും ചേർക്കുന്നവിധം താഴെ കാണാം.

അവൻ രക്ഷിക്കും ചെയ്യും

അവൻ ഞങ്ങളെ രക്ഷിക്കും ചെയ്യുമവൻ	അവൻ എന്നെ രക്ഷിക്കും ചെയ്യുമെന്നെ
അവൻ നിങ്ങളെ (പു) ചെയ്യുമവർ	അവൻ (പു) നിന്നെ ചെയ്യുമവൻ
അവൻ നിങ്ങളെ(സ്ത്രീ) ചെയ്യുമവർ	അവൻ നിന്നെ (സ്ത്രീ) ചെയ്യുമവൾ
അവൻ അവരെ(പു) ചെയ്യുമവർ	അവൻ അവനെ ചെയ്യുമവനെ
അവൻ അവരെ(സ്ത്രീ) ചെയ്യുമവർ	അവൻ അവളെ ചെയ്യുമവളെ

നീ (പു) രക്ഷിക്കും ചെയ്യും

നീ ഞങ്ങളെ രക്ഷിക്കും ചെയ്യുമീ	എന്നെ രക്ഷിക്കും ചെയ്യുമെന്നെ
നീ അവരെ (പു) ചെയ്യുമീർ	അവനെ ചെയ്യുമവനെ
നീ അവരെ(സ്ത്രീ) ചെയ്യുമീർ	അവളെ ചെയ്യുമവളെ

ഞാൻ രക്ഷിക്കും ചെയ്യും

ഞാൻ നിങ്ങളെ(പു) ചെയ്യുമേൻ	നിന്നെ (പു) രക്ഷിക്കും ചെയ്യുമിന്നെ
ഞാൻ നിങ്ങളെ(സ്ത്രീ) ചെയ്യുമേൻ	നിന്നെ (സ്ത്രീ) ചെയ്യുമിന്നെ
ഞാൻ അവരെ(പു) ചെയ്യുമേൻ	അവനെ ചെയ്യുമവനെ
ഞാൻഅവരെ(സ്ത്രീ) ചെയ്യുമേൻ	അവളെ ചെയ്യുമവളെ

malankaralibrary.com

അവർ (പു) രക്ഷിക്കും

അവർഎന്നെരക്ഷിക്കും	അവർ തങ്ങളെരക്ഷിക്കും
അവർ നിന്നെ (പു) 	അവർ നിങ്ങളെ(പു)
അവർ നിന്നെ 	അവർനിങ്ങളെ(സ്ത്രീ) 
അവർ അവനെ 	അവർ അവരെ(പു) 
അവർ അവളെ 	അവർഅവരെ(സ്ത്രീ) 

നിങ്ങൾ (പു) രക്ഷിക്കും 

നിങ്ങൾ എന്നെ	നിങ്ങൾ തങ്ങളെ (പു)
നിങ്ങൾ അവനെ	നിങ്ങൾ അവരെ (പു)
നിങ്ങൾ അവളെ 	നിങ്ങൾ അവരെ (സ്ത്രീ) 

തങ്ങൾ രക്ഷിക്കും

ഈ പദവും പ്രഥമപുരുഷൻ ഏകവചനത്തിലെ പദവും ഒരുപോലെയാണു്. കർമ്മാത്മകമുള്ള സർവ്വനാമങ്ങൾ ചേർക്കുന്നതും ഒരുപോലെയാണു്. സംഭാഷണത്തിൽ രണ്ടും തമ്മിലുള്ള ഭേദം കാണിക്കുന്നതിനുവേണ്ടി ഈ പദത്തിന്റെ മുമ്പിൽ  (തങ്ങൾ) എന്ന സർവ്വനാമം ചേർക്കും. പ്രഥമപുരുഷൻ ഏകവചനത്തിലുള്ള പദത്തിന്റെ മുമ്പിൽ  എന്ന സർവ്വനാമം ചേർക്കും. എഴുതുമ്പോൾ, ഉത്തമപുരുഷനിലുള്ള പദത്തിനു് ധാതുപദത്തിലുള്ള മൂന്നാം ലിപിയുടെ മീതെ ബിന്ദു വയ്ക്കണം; പ്രഥമപുരുഷനിലുള്ള പദത്തിനു് ധാതുപദത്തിലുള്ള മൂന്നാം ലിപിയുടെ താഴെ ബിന്ദു വയ്ക്കണം.

malankaralibrary.com

അവൾ രക്ഷിക്കും

എന്നെ രക്ഷിക്കും	
നിന്നെ (പു)	
നിന്നെ (സ്ത്രീ)	
അവനെ	
അവളെ	

നീ (സ്ത്രീ) രക്ഷിക്കും

എന്നെ രക്ഷിക്കും	
നിന്നെ (പു)	
നിന്നെ (സ്ത്രീ)	

അവർ (സ്ത്രീ) രക്ഷിക്കും

എന്നെ രക്ഷിക്കും	
നിന്നെ (പു)	
നിന്നെ (സ്ത്രീ)	
അവനെ	
അവളെ	

നിങ്ങൾ (സ്ത്രീ) രക്ഷിക്കും

എന്നെ രക്ഷിക്കും	
അവനെ	
അവളെ	

malankaralibrary.com

വിധായകരൂപത്തോട്ടുകൂടെ കർമ്മപ്രത്യയങ്ങളും ചേർക്കുന്നവിധം താഴെ കാണിക്കുന്നു.

ഏ. വ. സർവ്വനാമം.		ബ. വ. സർവ്വനാമം.	
നീ (പു) രക്ഷിക്കണം			
എന്നെ		ഞങ്ങളെ രക്ഷിക്കണം	
അവനെ		അവരെ (പു)	
അവളെ		അവരെ (സ്ത്രീ)	
നീ (സ്ത്രീ) രക്ഷിക്കണം			
എന്നെ		ഞങ്ങളെ രക്ഷിക്കണം	
അവനെ		അവരെ (പു)	
അവളെ		അവരെ (സ്ത്രീ)	

പുല്ലിംഗം ബഹുവചനം.

നോട്ട്:— പു. ബ. പദത്തോട്ട് സർവ്വനാമപ്രത്യയങ്ങളും കൂട്ടിച്ചേർക്കുമ്പോൾ വിധായകരൂപത്തിലെ രണ്ടാം ലിപിയുടെ ി (ഉകാരം) ഒന്നാം ലിപിക്കു് മാറ്റി വയ്ക്കുന്നു. ഉകാരചിഹ്നമായ ു (വാവു) മുമ്പോട്ടു മാറുന്നു. രണ്ടാം ഗണം ഒന്നാം ശ്രേണിയിലുള്ള പദങ്ങൾക്കും ഇപ്രകാരംതന്നെയാണു് വിധായകരൂപം പുല്ലിംഗം ബഹുവചനത്തോട്ട് സർവ്വനാമങ്ങളും ചേർക്കുമ്പോൾ ഉണ്ടാകുന്ന രൂപാവലി.

നിങ്ങളും (പു) രക്ഷിക്കണം =  −

			
എന്നെ		ഞങ്ങളെ	
അവനെ		അവരെ (പു)	
			
അവളെ		അവരെ (സ്ത്രീ)	

malankaralibrary.com

നിങ്ങൾ (സ്ത്രീ) രക്ഷിക്കണം = ܦܪܘܩܝܢ – ܦܪܘܩܝܢ

ܦܪܘܩܝܢ ഞങ്ങളെ	ܦܪܘܩܝܢܢ	ܦܪܘܩܢܝ എന്നെ	ܦܪܘܩܝܢܢܝ
ܦܪܘܩܝܢ ܐܢܘܢ അവരെ (പു)	ܦܪܘܩܝܢ ܐܢܘܢ	ܦܪܘܩܝܗ അവനെ	ܦܪܘܩܝܢܝܗ
ܦܪܘܩܝܢ ܐܢܝܢ അവരെ (സ്ത്രീ)	ܦܪܘܩܝܢ ܐܢܝܢ	ܦܪܘܩܗ അവളെ	ܦܪܘܩܝܢܗ

ܥܒܕ എന്ന ക്രിയയുടെ വിധായകരൂപം ܥܒܕ എന്നാണ്. അതിനോടുകൂടെ സർവ്വനാമപ്രത്യയങ്ങൾ ചേർക്കുന്നവിധം താഴെക്കാണിക്കുന്നു.

നീ (പു) ഉണ്ടാക്കണം ܥܒܕ

ഞങ്ങളെ	ܥܒܕܝܢ	എന്നെ	ܥܒܕܝܢܝ
അവരെ (പു)	ܥܒܕ ܐܢܘܢ	അവനെ	ܥܒܕܝܗ
അവരെ (സ്ത്രീ)	ܥܒܕ ܐܢܝܢ	അവളെ	ܥܒܕܝܗ

നീ (സ്ത്രീ) ഉണ്ടാക്കണം ܥܒܕܝ

ഞങ്ങളെ	ܥܒܕܝܢ	എന്നെ	ܥܒܕܝܢܝ
അവരെ (പു)	ܥܒܕܝ ܐܢܘܢ	അവനെ	ܥܒܕܝܗ
അവരെ (സ്ത്രീ)	ܥܒܕܝ ܐܢܝܢ	അവളെ	ܥܒܕܝܗ

നിങ്ങൾ (പു) ഉണ്ടാക്കണം = ܥܒܕܘ – ܥܒܕܘܢ

ܥܒܕܘܢ ഞങ്ങളെ	ܥܒܕܘܢܢ	ܥܒܕܘܢܝ എന്നെ	ܥܒܕܘܢܢܝ
ܥܒܕܘ ܐܢܘܢ അവരെ (പു)	ܥܒܕܘܢ ܐܢܘܢ	ܥܒܕܘܗ അവനെ	ܥܒܕܘܢܝܗ
ܥܒܕܘ ܐܢܝܢ അവരെ (സ്ത്രീ)	ܥܒܕܘܢ ܐܢܝܢ	ܥܒܕܘܗ അവളെ	ܥܒܕܘܢܗ

malankaralibrary.com

നിങ്ങൾ (സ്ത്രീ) ഉണ്ടാക്കണം = ܥܒܕܝ - ܥܒܕܝܢ

ܥܒܕܝ ܢܢ	ܥܒܕܝܢ	ܥܒܕܝ	ܥܒܕܝܢ
ഞങ്ങളെ		എന്നെ	
ܥܒܕܝ ܢܘܢ	ܥܒܕܝ ܢܘܢ	ܥܒܕܝ	ܥܒܕܝܢܝ
അവരെ (പു)		അവനെ	
ܥܒܕܝ ܢܝܢ	ܥܒܕܝ ܢܝܢ	ܥܒܕܝ	ܥܒܕܝܢܝ
അവരെ (സ്ത്രീ)		അവളെ	

അപൂർണ്ണക്രിയ.

രക്ഷിപ്പാൻ = ܠܡܦܪܩ = ܡܦܪܩ

ഞങ്ങളെ രക്ഷിപ്പാൻ	ܠܡܦܪܩ	എന്നെ രക്ഷിപ്പാൻ	ܠܡܦܪܩܢ
നിങ്ങളെ (പു)	ܠܡܦܪܩܟܘܢ	നിന്നെ (പു)	ܠܡܦܪܩܟ
നിങ്ങളെ (സ്ത്രീ)	ܠܡܦܪܩܟܝܢ	നിന്നെ (സ്ത്രീ)	ܠܡܦܪܩܟ
അവരെ (പു)	ܠܡܦܪܩ ܢܘܢ	അവനെ	ܠܡܦܪܩܗ
അവരെ (സ്ത്രീ)	ܠܡܦܪܩ ܢܝܢ	അവളെ	ܠܡܦܪܩܗ

malankaralibrary.com

പാഠം 7.

SECTION I.

കമ്മണിപ്രയോഗം.

ഭൂതകാലം ഏകവചനം പുല്ലിംഗം

ശ്രേണി I		ശ്രേണി II	
ധാതുപദം		ധാതുപദം	
അവൻ കൊല്ലപ്പെട്ടു	(A)	അവൻ കെട്ടപ്പെട്ടു	 (A)
നീ കൊല്ലപ്പെട്ടു	 (B)	നീ കെട്ടപ്പെട്ടു	 (B)
ഞാൻ കൊല്ലപ്പെട്ടു	 (C)	ഞാൻ കെട്ടപ്പെട്ടു	 (C)

ഭൂതകാലം ഏകവചനം സ്ത്രീലിംഗം

അവൾ കൊല്ലപ്പെട്ടു	 (D)	അവൾ കെട്ടപ്പെട്ടു	 (D)
നീ ,,	 (E)	നീ ,,	 (E)
ഞാൻ ,,	 (F)	ഞാൻ ,,	 (F)

രണ്ടാം ശ്രേണിയിൽ A കോളത്തിൽ കാണുന്ന ധാതുപദത്തിലെ അന്ത്യലിപി  എന്ന  വഴ്ചത്തിൽ ഉൾപ്പെട്ടതാണ്. ഈവക ലിപിയിൽ അവസാനിക്കുന്ന ഏതു ധാതുവിന്റേയും രൂപാവലി, മേൽ രണ്ടാം ശ്രേണിയിൽ കാണിച്ചിരിക്കുന്നതിൻപ്രകാരമാണു്. ഇവയിൽനിന്നു് വ്യത്യസ്തമായ ഏതെങ്കിലും ദ്വിഭവ്യഞ്ജനത്തിൽ അവസാനിക്കുന്ന ധാതുവിന്റെരൂപാവലി ഒന്നാം ശ്രേണിയിൽ കൊടുത്തിരിക്കുന്നതിൻപ്രകാരമാണു്.

ധാതുപദത്തിൽനിന്നു് കമ്മണിപ്രയോഗം ഭൂതകാലം പ്രഥമപുരുഷനിലുള്ള പദം ഉണ്ടാക്കിയതു് എങ്ങനെയെന്നു് താഴെ വിവരിക്കുന്നു.

malankaralibrary.com

A കോളത്തിൽ കാണുന്ന പദം ഉണ്ടാക്കിയതു് ധാതുപദത്തിലെ സ്വരം നീക്കിക്കളഞ്ഞശേഷം, പദാരംഭത്തിൽ ഉപസർഗ്ഗമായി കമ്മണിപ്രയോഗചിഹ്നമായ  (എസു്) ചേർത്തു. ധാതുവിലെ രണ്ടാം ലിപിയ്ക്കു് ഒന്നാം ശ്രേണിയിൽ  (ഏകാരം) ചേർത്തു. രണ്ടാം ശ്രേണിയിൽ (ആകാരം) ചേർത്തു. ഇതാണു് ഭൂതകാലത്തിലെ മൂലപദം.

B കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തിന്റെ അന്ത്യത്തിൽ മദ്ധ്യമപുരുഷചിഹ്നമായ  (ഖരോച്ചാരണമുള്ള താവു) ചേർത്തിട്ടാണു്.

C കോളത്തിൽ കാണുന്ന ഉത്തമപുരുഷപദമുണ്ടാക്കിയതു് മൂലരൂപത്തിലെ രണ്ടാം സ്വരം നീക്കിക്കളയുകയും, പദാന്ത്യത്തിൽ (ഏസു്) ചേർക്കുകയും ചെയ്തിട്ടാണു്. പദമദ്ധ്യത്തിൽ സ്വരമില്ലാത്ത മൂന്നു ലിപികം ഉള്ളവയിൽ രണ്ടാമത്തേതിനു്  (ആകാരം) ചേർത്തു് ഉച്ചാരണസൌകര്യമുണ്ടാക്കി.

സ്ത്രീലിംഗം.

D കോളത്തിൽ കാണുന്ന പ്രഥമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തിലെ രണ്ടാം സ്വരം നീക്കിക്കളഞ്ഞശേഷം, പദാന്ത്യത്തിൽ  (ആസു്) എന്ന പ്രത്യയം ചേർത്തിട്ടാണു്. ഇതിലെ  (താവു) മൃദുച്ചാരണമുള്ളതാണു്. സ്വരമില്ലാത്ത മൂന്നു ലിപികം പദമദ്ധ്യമുള്ളവയിൽ നടുവിലത്തേതിനു്  (ആകാരം) കൊടുത്തു് ഉച്ചാരണസൌകര്യമുണ്ടാക്കി.

E കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തോടു്  (ത്) ചേർത്തിട്ടാണു്. ഇതിലെ (താവു) ഖരോച്ചാരണമുള്ളതാണു്.

F കോളത്തിൽ കാണുന്ന ഉത്തമപുരുഷപദം പുല്ലിംഗത്തിലെ ഉത്തമപുരുഷപദം തന്നെയാണു്.

malankaralibrary.com

SECTION II.

കൃമ്മണിപ്രയോഗം.

പുല്ലിംഗം	ബഹുവചനം	ഭൂതകാലം
ധാതുപദം		ധാതുപദം
(G)  അവർ കൊല്ലപ്പെട്ട		(G) അവർ കെട്ടപ്പെട്ട
(H)  നിങ്ങടം കൊല്ലപ്പെട്ട		(H) നിങ്ങടം കെട്ടപ്പെട്ട
(J)  ഞങ്ങടം കൊല്ലപ്പെട്ട		(J) ഞങ്ങടം കെട്ടപ്പെട്ട

സ്ത്രീലിംഗം	ബഹുവചനം	ഭൂതകാലം
(K)  അവർ കൊല്ലപ്പെട്ട		(K) അവർ കെട്ടപ്പെട്ട
(L)  നിങ്ങടം കൊല്ലപ്പെട്ട		(L) നിങ്ങടം കെട്ടപ്പെട്ട
(M)  ഞങ്ങടം കൊല്ലപ്പെട്ട		(M) ഞങ്ങടം കെട്ടപ്പെട്ട

G കോളത്തിൽ കാണുന്ന പ്രഥമപുരുഷനിലുള്ള ഒന്നാം പദം ഉണ്ടാക്കിയതു് മൂലപദത്തോടു്  (ഊൻ) ചേത്തിട്ടാണു്. ഈ പദം ലോപിച്ചപ്പോൾ പദാന്ത്യത്തിലുള്ള  (നൂൻ) ം, (ഉകാര) വും ലോപിച്ചിട്ടാണു്, G കോളത്തിൽ കാണുന്ന രണ്ടാം പദമുണ്ടാക്കിയതു്.

H കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തോടു്  (തുൻ) ചേത്തിട്ടാണു്.

J കോളത്തിൽ കാണുന്ന ഉത്തമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തോടു്  (നാൻ) ചേത്തിട്ടാണു്. ഇങ്ങനെ ലഭിച്ച പദം ലോപിച്ചപ്പോൾ

malankaralibrary.com

ടുവിലത്തെ ـن (റൗൻ)–ം, അതിനു മുമ്പുള്ള സ്വരവും ത്യജിക്കപ്പെട്ടു. അങ്ങനെ ലഭിച്ചതാണു് J കോളത്തിൽ കാണുന്ന രണ്ടാമത്തെ പദം.

സ്ത്രീലിംഗം.

K കോളത്തിൽ കാണുന്ന പ്രഥമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തിന്റെ അന്ത്യത്തിൽ ـَـا (ഏൻ) ചേത്തിട്ടാണു്. പദം സ്ത്രീലിംഗബഹുവചനമായതുകൊണ്ടു് 'റീബൂയി' ചേത്തു. ഈ പദം ലോപിച്ചപ്പോൾ പദാന്ത്യത്തിലുള്ള ـن (റൗൻ) ം, ـَـا (ഏകാര) വും പരിത്യജിക്കപ്പെട്ടു. ഇങ്ങനെ ലഭിച്ചതാണു് K കോളത്തിൽ കാണുന്ന രണ്ടാമത്തെ പദം.

L കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തോടു് ـِـي (തേൻ) ചേത്തിട്ടാണു്. പദം സ്ത്രീലിംഗബഹുവചനമാകയാൽ റീബൂയി ചേത്തു.

M കോളത്തിൽ കാണുന്ന ഉത്തമപുരുഷപദം പുല്ലിംഗപദം തന്നെയാണു്. സ്ത്രീലിംഗം കാണിക്കാൻ "റീബൂയി" ചേത്തു.

അഭ്യാസം 7 A.

താഴെ കാണുന്ന ധാതുകൃതികളിൽനിന്നു് കമ്മണിപ്രയോഗം ഭൂതകാലം എല്ലാ ലിംഗത്തിലും വചനത്തിലും പുരുഷനിലുമുള്ള പദങ്ങൾ ഉണ്ടാക്കണം.

അവൻ കൊന്നു	അവൻ മനഞ്ഞു
അവൻ അറുത്തു, വെട്ടിക്കൊന്നു.	അവൻ മോഷ്ടിച്ചു
മദ്ധ്യത്തിലായി, പകുതിയായി	അവൻ പൊടിച്ചു, ചവിട്ടി
	അവൻ ശ്വാസം മുട്ടിച്ചു
അവൻ (എണ്ണ) പൂശി	അവൻ വഹിച്ചു
അവൻ ചവിട്ടി, കീഴടക്കി	അവൻ എഴുതി
ശവസംസ്കാരം ചെയ്തു	അവൻ മുങ്ങി, മുക്കപ്പെട്ടു
അവൻ വെട്ടി, കീറി	അവൻ പറിച്ചെടുത്തു

malankaralibrary.com

SECTION III.

ഊഷ്മാക്കൾ. (SIBILANTS.)

ശ്, ഷ് = ; സ്സ് = ; സ് = ; ദ്സ് = എന്നീ വ്യഞ്ജനങ്ങൾ ഊഷ്മാക്കളാണ്. ഇവ ഒഴിച്ചുള്ള ഏതെങ്കിലും ലിപി ധാതുപദത്തിൽ ആദ്യലിപിയായി വരുന്നപക്ഷം ആ ധാതുപദത്തിന്റെ കമ്മണിപ്രയോഗപദമുണ്ടാക്കുന്നതു് പദാരംഭത്തിൽ (എസ്) ചേർത്തിട്ടാണെന്നും Section I ൽ കാണിച്ചിട്ടുണ്ടല്ലോ.

എന്നാൽ ആദ്യലിപി ഊഷ്മാക്കളിൽ ഒന്നായിരിക്കുന്നപക്ഷം കമ്മണിപ്രയോഗപദമുണ്ടാക്കുന്നതു് താഴെ പറയുന്നപ്രകാരമാണ്.

1. ആദ്യലിപി (സെമക്കസോ) (ശീനോ) ആണെങ്കിൽ അതു് ഉപസർഗ്ഗമായ (എസ്) ലെ രണ്ടു ലിപികളുടെ മദ്ധ്യേയാണു് വയ്ക്കുന്നതു്.

ദൃഷ്ടാന്തം:—

കമ്മണി	ധാതു	കമ്മണി	ധാതു
ഉപേക്ഷിക്കപ്പെട്ടു	വിട്ടുപോയി	താങ്ങപ്പെട്ടു	താങ്ങി
അസ്വസ്ഥനാക്കപ്പെട്ടു	കലക്കി	വന്ദിക്കപ്പെട്ടു	വന്ദിച്ചു
മൃതനായി അയയ്ക്കപ്പെട്ടു	മൃതനെ അയച്ചു	രൂപീപ്പെടുത്തപ്പെട്ടു	രൂപീപ്പെട്ടു

അഭ്യാസം 7 B

താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ കമ്മണിപ്രയോഗത്തിലുള്ള ഭൂതകാലരൂപങ്ങൾ എല്ലാ ലിംഗത്തിലും, വചനത്തിലും, പുരുഷനിലും പറയുകയും എഴുതുകയും വേണം.

malankaralibrary.com

വന്ദിച്ചു	ܣܓܕ	നട്ടു, പറിച്ചുനട്ടു	ܣܬܠ
സാക്ഷിച്ചു	ܣܗܕ	ആക്രമിച്ചു	ܣܒܟ
ഉപേക്ഷിച്ചു, വിട്ടുപോയി, മാപ്പുകൊടുത്തു.	ܣܒܩ	അംഗഭംഗം വരുത്തി	ܣܓܦ
ശല്യപ്പെടുത്തി, ഇളക്കി	ܣܓܫ	മറിച്ചിട്ടു	ܣܚܦ
വിരൂപമാക്കി, അപമാനിച്ചു	ܣܒܪ	(വാതിൽ, വഴി) അടച്ചു	ܣܒܪ
തടിച്ചു	ܣܡܢ	താങ്ങി	ܣܡܟ
കേട്ടു	ܣܡܥ	സന്ദർശിച്ചു, മേൽനോട്ടംചെയ്തു	ܣܥܪ
എടുത്തു	ܣܩܠ	തറിയിൽ പാവുനൂൽകോർത്തു	ܣܪܓ
എടുത്തുനിലത്തെറിഞ്ഞു, അടിച്ചു	ܣܩܦ	രേഖപ്പെടുത്തി, വര വരച്ചു	ܣܪܛ

2. ധാതുപദത്തിലെ ആദ്യലിപി ܐ (ദ്സ്) ആയിരിക്കുന്നപക്ഷം കർമ്മണി പ്രയോഗ ചിഹ്നമായി ചേർക്കുന്ന ഉപസർഗ്ഗമായ ܐܬ ലെ ܬ (താവു) വിനു പകരം ܕ (ദോലദ്) ചേർക്കുന്നു. ധാതുപദത്തിലെ ഒന്നാം ലിപി ഉപസർഗ്ഗത്തിലെ രണ്ടു ലിപികളുടേയും മദ്ധ്യേ വരുകയും ചെയ്യുന്നു. ദൃഷ്ടാന്തം:—

കർമ്മണി	ധാതു	കർമ്മണി	ധാതു
ܐܐܕܪܥ	ܐܪܥ	ܐܐܕܒܢ	ܐܒܢ
വിതയ്ക്കപ്പെട്ടു	വിതച്ചു	വാങ്ങിക്കപ്പെട്ടു	വിലയ്ക്കുവാങ്ങി

3. ധാതുപദത്തിലെ ആദ്യലിപി ܨ (സോദേ) ആയിരിക്കുന്നപക്ഷം ܐܬ ലെ ܬ (താവു) നു പകരം ܛ (തേത്ത്) ചേർക്കുന്നു. ധാതുപദത്തിലെ ഒന്നാം ലിപി ഉപസർഗ്ഗത്തിലെ രണ്ടു ലിപകളുടെയും മദ്ധ്യേ വരുന്നു. ദൃഷ്ടാന്തം:—

കർമ്മണി	ധാതു
(ലോഹം) ശുദ്ധീകരിക്കപ്പെട്ടു ܐܨܛܪܦ	(ലോഹം) ശുദ്ധീകരിച്ചെടുത്തു ܨܪܦ

malankaralibrary.com

അഭ്യാസം 7 C.

താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ കമ്മണിപ്രയോഗരൂപങ്ങൾ ഉണ്ടാക്കി ഉച്ചരിക്കുകയും എഴുതുകയും ചെയ്യണം.

(വെള്ളത്തിൽ) മുക്കി, നനച്ചു	സ്വച്ഛമായി, രശ്മി കടക്കത്തക്കവണ്ണം നിർമ്മലമായി.
കുരിശിൽ തറച്ചു	(ദ്രാവകം) ഒഴിച്ചുകൊടുത്തു, (മുഴവനും) കോരിക്കളഞ്ഞു
(വിറകു്) കീറി	(സംഖ്യ, വില, പ്രായം) കുറഞ്ഞു
മുറിവേല്പിച്ചു	കെട്ടി ഉയർത്തി, തൂക്കിയിട്ട
(മുറിവു്) വെച്ചുകെട്ടി	നെയ്തു, നെയ്തുചേർത്തു
പ്രത്യക്ഷപ്പെട്ടു, ശോഭിച്ചു	കുത്തി ക്ലേശിപ്പിച്ചു
ശുദ്ധീകരിച്ചു, അരിച്ചെടുത്തു	നിർബ്ബന്ധിച്ചു, പുറകോട്ടതള്ളി

പാഠം 8.

കമ്മണിപ്രയോഗം.

SECTION I.

പുല്ലിംഗം	ഏകവചനം	വർത്തമാനകാലം
ശ്രേണി I		ശ്രേണി II
ധാതുപദം		ധാതുപദം
അവൻ കൊല്ലപ്പെടുന്നു (A)		അവൻകെട്ടപ്പെടുന്നു (A)
= (B)		= (B)
നീ കൊല്ലപ്പെടുന്നു		നീ കെട്ടപ്പെടുന്നു
ഞാൻ കൊല്ലപ്പെടുന്നു (C)		ഞാൻകെട്ടപ്പെടുന്നു (C)

malankaralibrary.com

വത്തമാനകാലം	ഏകവചനം	സ്ത്രീലിംഗം
അവൾ കെട്ടപ്പെടുന്നു	 (D)	അവൾ കൊല്ലപ്പെടുന്നു  (D)
നീ കെട്ടപ്പെടുന്നു	 (E)	നീ കൊല്ലപ്പെടുന്നു  (E)
ഞാൻ കെട്ടപ്പെടുന്നു	 (F)	ഞാൻ കൊല്ലപ്പെടുന്നു  (F)

പുല്ലിംഗം.

A കോളത്തിൽ കാണുന്ന പ്രഥമപുരുഷപദമുണ്ടാക്കിയതു് ഭൂതകാലത്തിലെ മൂലപദത്തിന്റെ ആരംഭത്തിലുള്ള (ഓലഫ്) നീക്കി, തൽസ്ഥാനത്തു് വത്തമാനകാലചിഹ്നമായ (മീം) ചേത്തിട്ടാണു്.  ന്റെ  (ഏകാരം) നീക്കിയിട്ടില്ല. ഇതാണു് വത്തമാനകാലമൂലപദം.

B കോളത്തിൽ കാണുന്ന മദ്ധ്യമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തിന്റെ അന്ത്യത്തിൽ മദ്ധ്യമപുരുഷസർവ്വനാമത്തിന്റെ ക്രിയാത്മകപദം ചേത്തിട്ടാണു്. രണ്ടു പദങ്ങളും ഒന്നാക്കി എഴുതിയപ്പോൾ ലഭിച്ചതാണു് B കോളത്തിൽ കാണുന്ന രണ്ടാം പദം.

C കോളത്തിൽ കാണുന്ന ഉത്തമപുരുഷപദമുണ്ടാക്കിയതു് മൂലപദത്തിന്റെ ഒടുവിൽ ഉത്തമപുരുഷസർവ്വനാമത്തിന്റെ ക്രിയാത്മകപദം ചേത്തിട്ടാണു്.

സ്ത്രീലിംഗം.

